## അദ്ധ്യായം 10

# വിശ്വാസത്താലുള്ള നീതീകരണത്താൽ യിസ്രായേലിനോടുള്ള വാഗ്ദത്തത്തിൽ അനുരഞ്ജനപ്പെടുന്നു (ഭാഗം 2)

യഹൂദന്മാർക്ക് ദൈവത്താൽ തിരസ്ക്കരിക്കപ്പെട്ടതിന് തങ്ങളെത്തന്നെയല്ലാതെ മറ്റാരെയും പഴിചാരുവാൻ ഇല്ലായിരുന്നു. ശരിയായ പാതയെ അവഗണിച്ച് തെറ്റായ പാതയിൽ പോകുന്നത് തുടർന്നുകൊണ്ടാണ് (9:31, 32). 10:1–13 പൗലൊസ് മനുഷ്യർക്കു നടക്കുവാനുള്ള രണ്ടു വഴികളുടെ വൈരുദ്ധ്യങ്ങളെ വെളിപ്പെടുത്തി-അതിൽ യഹൂദന്മാർ *തെറ്റായ* വഴി തെരഞ്ഞെടുത്തു എന്ന് അടിവരയിട്ടു പറഞ്ഞു.

### യഹൂദന്മാരുടെ രക്ഷക്കായിട്ടുള്ള പൗലൊസിന്റെ വാഞ്ഛ (10:1-4)

**[1]സഹോദരന്മാരെ അവർ രക്ഷിക്കപ്പെടേണം എന്നുതന്നെ എന്റെ ഹൃദയവാഞ്ഛയും അവർക്കുവേണ്ടി ദൈവത്തോടുള്ള യാചനയും ആകുന്നു. [2]അവർ പരിജ്ഞാനപ്രകാരമല്ലെങ്കിലും ദൈവത്തെ സംബന്ധിച്ച് എരിവുള്ളവർ എന്ന് ഞാൻ അവർക്കു സാക്ഷ്യം പറയുന്നു. [3]അവർ ദൈവത്തിന്റെ നീതി അറിയാതെ സ്വന്തനീതി സ്ഥാപിപ്പാൻ അന്വേഷിച്ചുകൊണ്ട് ദൈവത്തിന്റെ നീതിക്കു കീഴ്പ്പെട്ടില്ല. [4]വിശ്വസിക്കുന്ന ഏവർക്കും നീതി ലഭിപ്പാൻ ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനം ആകുന്നു.**

**വാക്യം 1.** പൗലൊസ് വീണ്ടും തന്റെ സ്വന്തജാതിക്കാർക്കുവേണ്ടിയുള്ള സ്നേഹവും കരുതലും ഉറപ്പിച്ചു പറയുന്നു (9:1–3), **സഹോദരന്മാരെ അവർ രക്ഷിക്കപ്പെടേണം എന്നു തന്നെ എന്റെ ഹൃദയവാഞ്ഛയും അവർക്കു വേണ്ടി ദൈവത്തോടുള്ള എന്റെ പ്രാർത്ഥനും ആകുന്നു.** ഈ വാക്യത്തിൽ ''സഹോദരന്മാർ'' ക്രിസ്ത്യാനികളെയും ''അവർക്ക്'' എന്നുള്ളത് യഹൂദന്മാരെയും സൂചിപ്പിക്കുന്നു (NIV കാണുക). പൗലൊസ് യഹൂദന്മാരുടെ നഷ്ടപ്പെട്ട അവസ്ഥയെക്കുറിച്ച് ഉൽക്കണ്ഠയുള്ളവനായിരുന്നു. അവരുടെ രക്ഷയ്ക്കായി പൗലൊസ് പ്രാർത്ഥിച്ചു. ''യേശുവിനെക്കുറിച്ചുള്ള സത്യം അവർ അംഗീകരിക്കണമേ'' എന്ന്. യിസ്രായേൽ രക്ഷിക്കപ്പെടേണമെന്ന് ഞാൻ എന്റെ ഹൃദയത്തിന്റെ അടിയിൽ നിന്നു പ്രാർത്ഥിക്കുന്നു എന്നാണ് ഫിലിപ്സ് തർജ്ജമയിൽ പറയുന്നത്. നമ്മുടെ ചുറ്റുപാടുമുള്ളവക്കായി, ലോകമെങ്ങും

നശിച്ചുപോകുന്നവർക്കായി നമുക്ക് കരുതലുണ്ടോ? നാം അവർക്കായി പ്രാർത്ഥിക്കുന്നുണ്ടോ?

**വാക്യം 2**. പൗലൊസ് തുടരുന്നു, **അവർ പരിജ്ഞാനപ്രകാരമല്ലെങ്കിലും ദൈവത്തെ സംബന്ധിച്ച് എരിവുള്ളവർ എന്ന് ഞാൻ അവർക്ക് സാക്ഷ്യം പറയുന്നു, നേരിട്ടുള്ള അറിവനുസരിച്ച് സാക്ഷ്യം പറയുന്നു**. പൗലൊസിന് സ്വന്ത ജീവിതത്തിൽ നിന്നും നേരിട്ടറിയാമായിരുന്നു.[1] യെരുശലേമിലെ ന്യായാധിപസംഘത്തിനു മുൻപാകെ ഇങ്ങനെ പറഞ്ഞു, ''ഞാൻ കിലിക്ക്യയിലെ തർസോസിൽ ജനിച്ചവനും ഈ പട്ടണത്തിൽ വളർന്നവനും ഈ നഗരത്തിൽ വളർന്ന് ഗമാലിയേലിന്റെ കാൽക്കൽ ഇരുന്ന് പിതാക്കന്മാരുടെ ന്യായപ്രമാണം സൂക്ഷമതയോടെ അഭ്യസിച്ചവനും ആകുന്നു. നിങ്ങൾ ഏവരും ഇന്ന് ഇരിക്കുന്നതുപോലെ ദൈവസേവയിൽ എരിവുള്ളവനായിരുന്നു'' (പ്രവൃത്തി. 22:3; ഗലാ 1:13, 14; ഫിലി. 3:6 കാണുക).

എരിവ് (Zeal) എന്ന പദം ഗ്രീക്കുഭാഷയിലെ ζῆλος (*zēlos*) എന്നതിൽ നിന്നുള്ളതാണ്. അത് തിളയ്ക്കുക, ചൂടാക്കുക (ζέω, *zeō*)[2] എന്നർത്ഥം ഉള്ളതാണ്. ദൈവം ആഗ്രഹിക്കുന്നത് നാം അവനുവേണ്ടി തീപോലെ എരിവ് ഉള്ളവരായിരിക്കേണം എന്നത്രെ. യേശു ലവോദിക്യയിലെ സഭയോടു പറഞ്ഞത് നീ ശീതവാനുമല്ല ഉഷ്ണവാനുമല്ല (ζεστός, *zestos*). ശീതോഷ്ണവാനായതുകൊണ്ട് ഞാൻ നിന്നെ എന്റെ വായിൽ നിന്ന് ഉമിണ്ണുകളയുമെന്നാണ് (വെളി. 3:16). ക്രിസ്തു പൊൻവാണിഭക്കാരെ ദൈവാലയത്തിൽ നിന്നു പുറത്താക്കിയപ്പോൾ ''നിന്റെ ആലയത്തെക്കുറിച്ചുള്ള എരിവ് എന്നെ തിന്നുകളയുന്നു'' എന്നു പറഞ്ഞു (യോഹ. 2:17).

എരിവിനെ പരിജ്ഞാനംകൊണ്ട് നിയന്ത്രിക്കേണ്ടതാണ്. ജ്ഞാനി പറയുന്നത് ''പരിജ്ഞാനമില്ലാത്ത എരിവ് നന്നല്ല എന്നാണ്'' (സദൃശ. 19:2; NLT). പരിജ്ഞാനം എന്ന് 10:2ൽ പറഞ്ഞിട്ടുള്ളത് പൂർണ്ണജ്ഞാനം എന്നോ കൃത്യമായ ജ്ഞാനം എന്നോ ἐπίγνωσις (*epignōsis*) അർത്ഥം ഉണ്ട്.[3] γνωσις (*gnōsis*), ἐπί (*epi*). യഹൂദന്മാർ വളരെ എരിവുള്ളവരായിരുന്നെങ്കിലും പരിജ്ഞാനത്തിൽ കുറവുള്ളവരായിരുന്നു. അവർ പരിജ്ഞാനം കുറഞ്ഞ എരിവോടുകൂടിയവർ ആയിരുന്നു (NEB), തെറ്റായ ദിശയിലേക്കുപോകുന്ന എരിവായിരുന്നു (JB) തെറ്റായി നയിക്കപ്പെടുന്ന എരിവ് ആയിരുന്നു (LB).

**വാക്യം 3**. യഹൂദന്മാർ അവരുടെ അജ്ഞതയെ സമ്മതിക്കില്ലായിരുന്നു. അവർക്ക് തിരുവചനത്തിന്റെ കാര്യമായ ഭാഗങ്ങളൊക്കെ ഉദ്ധരിക്കുവാൻ കഴിവുണ്ടായിരുന്നു. എങ്കിലും അവർക്ക് *പൂർണ്ണമായ* അറിവ് ഇല്ലായിരുന്നു. കുറെ കാര്യങ്ങളൊക്കെ അറിഞ്ഞിരുന്നു എങ്കിലും ഏറ്റവും പ്രധാനമായ കാര്യം അറിഞ്ഞുകൂടായിരുന്നു. മൂന്നാം വാക്യം തുടങ്ങുന്നത്, ''**അവർ ദൈവത്തിന്റെ നീതി അറിയാതെ**'' എന്നാണ്. ദൈവത്തിന്റെ നീതിയുള്ള സ്വഭാവം എന്നല്ല, ദൈവം മനുഷ്യരെ നീതിമാന്മാരെന്നു കണക്കാക്കുന്നതിനുള്ള ദൈവത്തിന്റെ പദ്ധതിയെ അറിഞ്ഞില്ല എന്നാണ് വിവക്ഷ. വേറെ വാക്കുകളിൽ പറഞ്ഞാൽ അത് കൃപ/വിശ്വാസം എന്ന വ്യവസ്ഥയാണ് സൂചിപ്പിക്കുന്നത്. യഹൂദന്മാർ മനഃപൂർവ്വം അത് അറിയേണ്ട എന്ന് തീരുമാനിച്ചതാണ് കാരണം. അത് അവർ കണ്ടുപിടിച്ച ന്യായപ്രമാണം/പ്രവർത്തികൾ എന്ന വ്യവസ്ഥയ്ക്ക് എതിരായിരുന്നു.

പൗലൊസ് പറഞ്ഞത്, ''**അവർ ദൈവത്തിന്റെ നീതി അറിയാതെ സ്വന്തനീതി സ്ഥാപിക്കുവാൻ അന്വേഷിച്ചുകൊണ്ട് ദൈവത്തിന്റെ നീതിക്കു കീഴ്പെ**

**ട്ടില്ല**'' എന്നാണ്. അപ്പൊസ്തലൻ സ്വന്തം അനുഭവത്തിൽ നിന്നും വീണ്ടും സംസാരിക്കുന്നു. ഫിലിപ്പിയർ 3:9-ൽ ക്രിസ്തുവിനെ പിന്തുടരുവാൻ താൻ എന്തെല്ലാം ഉപേക്ഷിച്ചു എന്നു പറയുമ്പോൾ അവൻ തന്റെ ആഗ്രഹം വെളിപ്പെടുത്തുന്നു. ''ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും *ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല*, ക്രിസ്തുവിലുള്ള വിശ്വാസം മൂലം ദൈവം വിശ്വസിക്കുന്നവർക്കു നൽകുന്ന നീതിതന്നെ ലഭിച്ച് അവനിൽ ഇരിക്കേണ്ടതിനും.''

യഹൂദന്മാരെക്കുറിച്ച് പൗലൊസ് പറഞ്ഞത് മനുഷ്യ ജാതിയെക്കുറിച്ച് പൊതുവായി പറയാവുന്നതാണ്. ദൈവത്തിന്റെ മാർഗ്ഗത്തിൽ തൃപ്തിയില്ലാതെ ആളുകൾ സ്വർഗ്ഗത്തിലെത്തുവാനായി സ്വന്തം മാർഗ്ഗങ്ങൾ കണ്ടു പിടിയ്ക്കാനായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. എല്ലാവർക്കും പ്രിയപ്പെട്ട പാട്ട്. ''ഞാൻ എന്റെ ഇഷ്ടംപോലെ ചെയ്തു'' എന്നുള്ളതാണ്.[4] നമ്മുടെ മാർഗ്ഗത്തിലല്ല ദൈവത്തിന്റെ മാർഗ്ഗത്തിൽ കാര്യങ്ങൾ ചെയ്യുവാൻ ദൈവം നമ്മെ സഹായിക്കട്ടെ!

**വാക്യം 4.** യഹൂദന്മാർ നീതിമാന്മാരെന്നു എണ്ണപ്പെടുവാൻ ന്യായപ്രമാണം പാലിക്കുന്നതിൽ ആശ്രയിച്ചു. അതിന്റെ അസാധ്യതയെക്കുറിച്ച് അടുത്ത രണ്ടു വാക്യങ്ങളിൽ പറയുന്നു. നാലാം വാക്യം പറയുന്നത്, **വിശ്വസിക്കുന്ന ഏവനും നീതി ലഭിപ്പാൻ ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനമാകുന്നു.** ''അവസാനം'' എന്നത് പല അർത്ഥങ്ങളുള്ള τέλος (*telos*) എന്ന ഗ്രീക്കു പദത്തിൽനിന്നാണ്. അവസാനം എന്നും ലക്ഷ്യം എന്നും അർത്ഥമാക്കാം. അവസാനം എന്നത് NASB; KJV; NKJV; ASV; RSV; NRSV; TEV; NIV; ESV; REB എന്നിവയിലും ലക്ഷ്യം എന്ന് CJB; McCord തർജ്ജമകളിലും കാണുന്നു.

മോശെയുടെ ന്യായപ്രമാണത്തോടാണെങ്കിലും രണ്ടു വാക്കുകളും ശരിയാണ്. രണ്ടും ഒന്നിനുപകരം മറ്റേത് ഉപയോഗിക്കാവുന്നതാണ്.[5] ന്യായപ്രമാണത്തിന്റെ ലക്ഷ്യം എന്നത് ഗലാത്യർക്ക് പൗലൊസ് എഴുതുമ്പോൾ ന്യായപ്രമാണം (ഗലാ. 3:24-ൽ) നാം ക്രിസ്തുവിങ്കലേക്കു നടത്തുന്നതിന് നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിന് നമുക്ക് ശിശുപാലകനായി ഭവിച്ചു എന്നെഴുതി. തുടർന്ന് എഴുതുന്നു (ഗലാ 3:25) വിശ്വാസം വന്നശേഷമോ നാം ഇനി ശിശുപാലകന്റെ കീഴിലല്ല (അത് ന്യായപ്രമാണം) യേശു ക്രിസ്തു വന്നതിന്റെ ഒരു ഫലം ന്യായപ്രമാണത്തെ അവസാനിപ്പിക്കുക ആയിരുന്നു (ദൈവത്തിന്റ ഇപ്പോഴത്തെ വെളിപ്പെടുത്തൽ എന്ന നിലയിൽ) (7:1-6 റോമർ). ഏതു നിർവചനം കൊടുത്താലും നീതി അവകാശപ്പെടുവാൻ യഹൂദന്മാർ ന്യായപ്രമാണം പാലിയ്ക്കുന്നത് നിർത്തണം എന്ന് മാത്രമല്ല യേശുവിങ്കലേക്ക് തിരിയുകയും വേണം. അവനാണ് ''ന്യായപ്രമാണത്തിന്റെ അവസാനം.''

നാലാം വാക്യത്തെ വിടുന്നതിനു മുമ്പായി, ന്യായപ്രമാണത്തെക്കുറിച്ച് ഒരു പ്രസ്താവന ചെയ്യുവാൻ പറഞ്ഞതല്ല എന്നോർക്കണം. പൗലൊസ് യഹൂദന്മാരുടെ പ്രശ്നത്തെ ഉദ്ദേശിച്ചു പറഞ്ഞതായതുകൊണ്ട് മോശെയുടെ ന്യായപ്രമാണമാണ് പ്രഥമമായി മനസ്സിൽ ഉണ്ടായിരുന്നത്. പൊതുവായ ഒരു അർത്ഥവും കൊടുക്കാം. പ്രമാണം എന്നതിനു മുൻപിൽ പ്രത്യേകമായി ഏതെന്ന് പറഞ്ഞിട്ടില്ല. *Telos* എന്ന വാക്കുപയോഗിച്ചിരിക്കുന്നതിനാൽ (അവസാനം) ആ വാക്യം ഇങ്ങനെ വായിക്കാം. നീതി ലഭിക്കുന്നതിനു മുഖാന്തിരം എല്ലാവർക്കുമായി ദൈവം തന്നതും യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ആർക്കും ലഭിക്കാവുന്നതുമായ മാർഗ്ഗത്തിന് യേശുക്രിസ്തുവാണ് ന്യായപ്രമാണത്തിന്റെ അവസാനം.

## രക്ഷയുടെ അടിസ്ഥാനമായ വിശ്വാസം (10:5-13)

**[5]ന്യായപ്രമാണത്താലുള്ള നീതി സംബന്ധിച്ച് "അതു ചെയ്ത മനുഷ്യൻ അതിനാൽ ജീവിക്കും" എന്ന് മോശെ എഴുതിയിരിക്കുന്നുവല്ലോ. [6]വിശ്വാസത്താലുള്ള നീതിയോ ഇവ്വണ്ണം പറയുന്നു: "ക്രിസ്തുവിനെ ഇറക്കേണം എന്നു വിചാരിച്ച് ആർ സ്വർഗ്ഗത്തിൽ കയറുമെന്നോ [7]ക്രിസ്തുവിനെ മരിച്ചവരുടെയിടയിൽ നിന്നു കയറ്റേണം എന്നു വിചാരിച്ച് ആർ പാതാളത്തിൽ ഇറങ്ങുമെന്നോ നിന്റെ ഹൃദയത്തിൽ പറയരുത്. [8]എന്നാൽ അത് എന്തു പറയുന്നു? വചനം നിനക്കു സമീപമായി നിന്റെ വായിലും നിന്റെ ഹൃദയത്തിലും ഇരിക്കുന്നു. അത് ഞങ്ങൾ പ്രസംഗിക്കുന്ന വിശ്വാസ വചനം തന്നെ.
[9]യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽപിച്ചു എന്ന് [10]ഹൃദയം കൊണ്ട് വിശ്വസിക്കുകയും വായ്കൊണ്ട് ഏറ്റുപറയുകയും ചെയ്യുന്നു. [11]അവനിൽ വിശ്വസിക്കുന്നവൻ ഒരുത്തനും ലജ്ജിച്ചു പോകയില്ല എന്ന് തിരുവെഴുത്തിൽ അരുളിചെയ്യുന്നുവല്ലോ. [12]യഹൂദൻ എന്നും യവനൻ എന്നും വ്യത്യാസമില്ല. എല്ലാവർക്കും കർത്താവ് ഒരുവൻ തന്നെ. അവൻ തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും നല്കുവാൻ തക്കവണ്ണം സമ്പന്നൻ ആകുന്നു. [13]കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും എന്നുണ്ടല്ലോ.**

**വാക്യം 5.** മുന്നോട്ടുപോകുമ്പോൾ ന്യായപ്രമാണം പാലിയ്ക്കുന്നതു മൂലം നീതി ലഭിക്കുന്നതിനുള്ള നിർഭാഗ്യകരമായ വൈകല്യം കാണിക്കുന്നു. പൗലൊസ് എഴുതി "**അതു ചെയ്ത മനുഷ്യൻ അതിനാൽ ജീവിക്കും എന്ന് മോശെ എഴുതിയിരിക്കുന്നു.**" പൗലൊസിന്റെ മനസ്സിൽ ലേവ്യർ 18:5 ഉണ്ടായിരുന്നു എന്നു ചിന്തിക്കാം. അതിൽ കർത്താവ് യിസ്രായേലിനോട് നിങ്ങൾ എന്റെ വിധികളെ അനുസരിച്ച് എന്റെ ചട്ടങ്ങളെ പ്രമാണിച്ചു നടക്കണം. അതു ചെയ്യുന്ന മനുഷ്യൻ അതിനാൽ ജീവിക്കും. ലേവ്യ. 18:5-ൽ ജീവിക്കട്ടെ എന്നതും റോമർ 10:5-ൽ ജീവിക്കും എന്നതും ഒരേ അർത്ഥത്തിലാണുള്ളത്. അത് ജീവൻ കണ്ടെത്തുക എന്നതാണ്. ഖആയിൽ ന്യായപ്രമാണം പാലിക്കുന്നവർ അതിൽ നിന്നും ജീവൻ കണ്ടെത്തും എന്നതാണർത്ഥം.

ദൈവം യിസ്രായേലിനോട് അവന്റെ ചട്ടങ്ങളും വിധികളും പാലിച്ചാൽ അവർ ജീവിക്കും എന്നു പറഞ്ഞു. പിന്നെ എവിടെയാണ് പ്രശ്നം? പ്രമാണിയ്ക്കുന്നതുമൂലം ജീവൻ പ്രാപിയ്ക്കണമെങ്കിൽ അതു പൂർണ്ണമായി പ്രമാണിയ്ക്കണം. ന്യായപ്രമാണം പ്രമാണിക്കാത്തവൻ ശപിക്കപ്പെട്ടവനാണ് (ആവ. 27:26. ഗലാ. 3:12, 13 കാണുക). CEV മോശെയുടെ വാക്കുകളെ തർജ്ജമ ചെയ്യുന്നത് റോമർ 10:5-ൽ ഇങ്ങനെയാണ്. "നിങ്ങൾക്കു ജീവിക്കണമെങ്കിൽ ന്യായപ്രമാണം പറയുന്നതെല്ലാം അനുസരിക്കണം. ആർക്കും തന്നെ എല്ലാ കല്പനകളും എല്ലാ സമയത്തും അനുസരിക്കുവാൻ സാധിക്കുകയില്ല." ഈ കാരണത്താൽ ന്യായപ്രമാണം അനുസരിക്കുവാൻ സാധിയ്ക്കുകയില്ല. ഈ കാരണത്താൽ ന്യായപ്രമാണം പ്രവർത്തിക്കും എന്ന വ്യവസ്ഥയിൽ നീതി പ്രാപിയ്ക്കുവാൻ ആർക്കും *സാധിക്കുകയില്ല.*

**വാക്യം 6-8.** അതിനു വിരുദ്ധമായി ദൈവത്തിന്റെ കൃപ/വിശ്വാസം എന്ന വ്യവസ്ഥപ്രകാരം നീതി ലഭിക്കുവാൻ സാധിക്കും. 6 മുതൽ 8 വരെയുള്ള വാക്യങ്ങൾ അതാണ് പറയുന്നത്. ഒന്നാം നൂറ്റാണ്ടിലെ യഹൂദജനങ്ങൾക്കു

സുപരിചിതമായതും നമുക്ക് പരിചയമില്ലാത്തതുമായ വാക്കുകളുപയോഗിച്ച് ഒരു ദൂതു നൽകിയിരിക്കുകയാണ്.

6-ാം വാക്യം ഇങ്ങനെ തുടങ്ങുന്നു, "**വിശ്വാസത്താലുള്ള നീതിയോ ഇവ്വണ്ണം പറയുന്നു.**" (അതായത് ദൈവത്തിനു മുമ്പാകെ ശരിയായ നിലപാട് വിശ്വാസത്തിൽ അടിസ്ഥാനപ്പെട്ടത്, കൃപ/വിശ്വാസം എന്ന വ്യവസ്ഥ ഇങ്ങനെ പറയുന്നു.) പൗലൊസ് മോശെയുടെ ന്യായപ്രമാണം/പ്രവർത്തി എന്ന വ്യവസ്ഥയെക്കുറിച്ച് പറഞ്ഞതേയുള്ളൂ (10:5). ഇപ്പോൾ അദ്ദേഹം നീതിയെ ഒരാൾ എന്നവണ്ണം സങ്കൽപ്പിച്ച് കൃപ/വിശ്വാസം എന്ന വ്യവസ്ഥക്ക് ഒരു വക്താവ് ആക്കിയിരിക്കുന്നു. വിശ്വാസത്തിലധിഷ്ഠിതമായ നീതിയ്ക്ക് എന്താണ് പറയുവാനുള്ളതെന്ന് ശ്രദ്ധിയ്ക്കുക:

> **"ക്രിസ്തുവിനെ ഇറക്കണം എന്നുവിചാരിച്ച് ആർ സ്വർഗ്ഗത്തിൽ കയറുമെന്നോ ക്രിസ്തുവിനെ മരിച്ചവരുടെ ഇടയിൽനിന്നു കയറ്റേണം എന്നു വിചാരിച്ച് ആർ പാതാളത്തിൽ ഇറങ്ങുമെന്നോ നിന്റെ ഹൃദയത്തിൽ പറയരുത്. എന്നാൽ അത് എന്തു പറയുന്നു? വചനം നിനക്കു സമീപമായി നിന്റെ വായിലും നിന്റെ ഹൃദയത്തിലും ഇരിക്കുന്നു", അത് ഞങ്ങൾ പ്രസംഗിക്കുന്ന വിശ്വാസവചനം തന്നെ.**

പൗലൊസ് ആവർത്തനപുസ്തകം മുപ്പതാം അദ്ധ്യായത്തിലെ മോശെയുടെ യിസ്രായേലിനോടുള്ള യാത്രപറച്ചിൽ പ്രസംഗത്തിന്റെ ഒരു ഭാഗമാണ് ഉപയോഗിക്കുന്നത്:

> ഞാൻ ഇന്ന് നിന്നോടു ആജ്ഞാപിക്കുന്ന ഈ കല്പന നിനക്കു പ്രയാസമുള്ളതല്ല. ദൂരമായിട്ടുള്ളതുമല്ല. ഞങ്ങൾ കേട്ട് അനുസരിക്കേണ്ടതിന് *ആർ സ്വർഗ്ഗത്തിൽ കയറിക്കൊു വന്നുതരും* എന്നു പറയത്തക്കവണ്ണം അതു സ്വർഗ്ഗത്തിലല്ല. ഞങ്ങൾ കേട്ട് അനുസരിക്കേണ്ടതിന് ആർ സമുദ്രം കടന്ന് കൊണ്ടുവന്നു തരും എന്ന് പറയത്തക്കവണ്ണം അത് സമുദ്രത്തിനക്കരെയുമല്ല. നീ അനുസരിപ്പാൻ തക്കവണ്ണം വചനം നിനക്ക് ഏറ്റവും സമീപത്ത് നിന്റെ വായിലും നിന്റെ ഹൃദയത്തിലും തന്നെ ഇരിക്കുന്നു (ആവർത്തനം. 30:11-14).

"സമുദ്രം" എന്നു പറയുന്നതിനുപകരം പൗലൊസ് "Abyss" (അഗാധം) എന്ന പദം ἄβυσσος (*abussos*) ഉപയോഗിക്കുന്നു.[6] ഗ്രീക്കു പഴയനിയമത്തിൽ "അഗാധം" എന്നാൽ വലിയ "ജലാശയം" ആണ് (സങ്കീ. 68:22 കാണുക). 10:7 KJVയിൽ ആർ ആഴത്തിലേക്കിറങ്ങും എന്നാണ് (NIV കാണുക). പൗലൊസിന്റെ പ്രായോഗികത യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പിനിടയായതിനാൽ മരിച്ചവർ പാർക്കുന്ന സ്ഥലമെന്ന് ചിന്തിച്ചുകാണും. NLT അല്ലെങ്കിൽ ശവക്കല്ലറ (McCord) ഒരു ചുരുങ്ങിയ നിർവചനം അപ്രധാനമാണ്. പൗലൊസ് "സ്വർഗ്ഗം" എന്നു പറഞ്ഞത് ഒരാൾക്കു കയറിച്ചെല്ലുവാൻ കഴിയുന്ന ഉയരവും "അഗാധം" എന്നത് ഒരാൾക്ക് ഇറങ്ങിച്ചെല്ലുവാൻ പറ്റുന്നിടത്തോളം ആഴവും ആണെന്ന് ചിന്തിക്കാം.

അഗാധം എന്ന വാക്കിന്റെ പകരമായ ഉപയോഗത്തേക്കാൾ കൂടുതലായി

ആവർത്തനം. 30:11-14 വരെയുള്ള ഭാഗത്ത് ഇരട്ടിപ്പിയ്ക്കുന്നതിനോടടുത്തു വന്നു. ആവർത്തനപുസ്തകം 30:11-14 ലെ ഭാഷാരീതി തന്റെ ഉദ്ദേശത്തിനനുസൃതമായി ഉപയോഗിക്കുന്നു. അതായത് ക്രിസ്തുവിനെ ഇറക്കുക, ക്രിസ്തുവിനെ കയറ്റുക എന്നതും പഴയനിയമവാക്യ ഘടനയും തന്റെ സ്വന്തം പ്രായോഗികവും എല്ലാം കൂട്ടിചേർത്താൽ ഈ ഭാഗത്തിന്റെ ആദ്യഭാഗങ്ങളുടെ താക്കോൽ ഇങ്ങനെ ''ഞാൻ ഇന്നു നിങ്ങളോട് കല്പിക്കുന്ന ഈ കല്പന നിങ്ങൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നതല്ല. അത് എത്തിപ്പിടിയ്ക്കാൻ പ്രയാസമുള്ളതുമല്ല'' എന്നർത്ഥമാക്കാം (വാക്യം 11).

10:6-8 വരെയുള്ള വാക്യങ്ങളിൽ പൗലൊസിന്റെ ദൂതിന്റെ ആദ്യഭാഗം, സുവിശേഷത്തിന്റെ ആവശ്യപ്പെടൽ അധികമായ പ്രയാസം ഉണ്ടാക്കുന്നതല്ല എന്നാണ്. പൗലൊസ് ഉപയോഗിച്ച വാക്കുകൾ പഴഞ്ചൊല്ലിന്റെ രൂപത്തിലുള്ള ആശയപ്രകടന രീതിയായിട്ടാണ്. അസാദ്ധ്യത്തെ കാണിക്കുന്നതിനുപയോഗിച്ചു.[7] ദൈവം നമ്മോട് മനുഷ്യർക്ക് അസാദ്ധ്യമായ കാര്യങ്ങളൊന്നും ചെയ്യുവാൻ അല്ല കല്പിക്കുന്നത്. സ്വർഗ്ഗത്തിൽ കയറി ക്രിസ്തുവിനെ ഇറക്കുകയോ പാതാളത്തിൽ ചെന്ന് ക്രിസ്തുവിനെ കയറ്റുകയോ ഒന്നും ആവശ്യപ്പെടുന്നില്ല. നാം ലളിതമായി വിശ്വസിച്ച് നമ്മുടെ വിശ്വാസം ഏറ്റുപറഞ്ഞാൽ മാത്രം മതി (മർക്കൊ. 16:16).

പൗലൊസിന്റെ സന്ദേശത്തിന്റെ രണ്ടാം ഭാഗം (10:6-8) ഒന്നാം ഭാഗത്തോട് ബന്ധപ്പെട്ടിരിക്കുന്നു. നീതി ലഭിയ്ക്കുന്നത് ഒരാൾക്കുപോലും എത്തുവാൻ സാധിയ്ക്കാത്തതല്ല. എല്ലാവർക്കും കർത്താവിനെ അവന്റെ വിളിയെ ആശ്രയിക്കുവാൻ കഴിയും. വചനം സമീപത്താണ് എന്ന് ഉറപ്പിച്ചു പറയുവാൻ കഴിയും.[8] വചനം സമീപത്താണ് എന്ന് ഉറപ്പിച്ചു പറയുവാൻ പൗലൊസിന് കഴിഞ്ഞു. പൗലൊസ് ഒരു പുതിയ സ്ഥലത്തു ചെല്ലുമ്പോൾ ഒന്നാമത് യഹൂദന്മാർക്ക് വചനം കേൾക്കുവാൻ അവസരം ഉണ്ടാക്കിക്കൊടുത്തു (പ്രവൃത്തി. 13:14; 14:1; 17:1; 18:19; റോമർ 1:16 കാണുക).

ഇതാണ് റോമർ 10:6-8 ലെ സന്ദേശത്തിന്റെ അടിസ്ഥാനം. എന്നാൽ ഞാൻ പൗലൊസിന്റെ പ്രായോഗിക വാക്കുകൾ വായിക്കുമ്പോൾ താൻ അസാദ്ധ്യമായ ആ രണ്ടു കാര്യങ്ങൾ തെരഞ്ഞെടുത്തതിൽ നിന്നും യഹൂദന്മാരുടെ അവിശ്വാസം അതിൽ പ്രതിഫലിക്കുന്നില്ലയോ എന്ന് ചിന്തിക്കുന്നു. യഹൂദന്മാർ യേശുവിനെ അംഗീകരിയ്ക്കാത്തതുകൊണ്ട് മശിഹായെ സ്വർഗ്ഗത്തിൽ നിന്ന് താഴോട്ടു കൊണ്ടുവന്നു എന്ന് അവർ വിശ്വസിക്കുന്നില്ല (അതായത് മശിഹാ വന്നു എന്ന് അവർ വിശ്വസിക്കുന്നില്ല), മാത്രമല്ല യേശു ഉയിർത്തെഴുന്നേറ്റു എന്നും അവർ വിശ്വസിക്കുന്നില്ല. 6ഉം 7ഉം വാക്യങ്ങൾ, മശിഹായെ കൊണ്ടുവരുവാൻ ആരും സ്വർഗ്ഗത്തിൽ പോകേണ്ട ആവശ്യമില്ലെന്ന് പൗലൊസ് തറപ്പിച്ചു പറയുകയാണെന്നു വീക്ഷിയ്ക്കാം. ക്രിസ്തുവിനെ ക്രിസ്തു വന്നു കഴിഞ്ഞതിനാൽ മരണത്തിൽ നിന്നുയർപ്പിക്കുവാൻ ആരും അഗാധത്തിൽ ഇറങ്ങേണ്ട ആവശ്യം ഇല്ല. ക്രിസ്തു മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തെഴുന്നേറ്റു കഴിഞ്ഞു.

ആവർത്തനം 30:11-14 വരെ ഇങ്ങനെ അവസാനിപ്പിക്കുന്നു. ''വചനം നിനക്കു സമീപമായി'' നിന്റെ വായിലും നിന്റെ ഹൃദയത്തിലും തന്നെ ഇരിക്കുന്നു ''*നീ അനുസരിക്കേണ്ടതിന്*'' ദൈവത്തിന്റെയിഷ്ടത്തെ തെളിവായി യിസ്രായേലിന് വെളിപ്പെടുത്തിക്കൊടുക്കുന്നു എന്ന് മോശെ പറയുന്നു (ആവ. 29:29). യിസ്രായേലിന്റെ *വായിലും* ഹൃദയത്തിലും *(മനസ്സിൽ)* അത്

*ചെയ്തുകാണിക്കാവുന്നതാണ്.*[9] പൗലൊസ് മോശെയുടെ ന്യായപ്രമാണത്തെക്കുറിച്ചുള്ള വാക്കുകളെ എടുത്ത് സുവിശേഷത്തിനായി പ്രയോഗിച്ചു. പൗലൊസ് യഹൂദന്മാരുടെ ഹൃദയത്തിലും മനസ്സിലും സുവിശേഷം ഉണ്ടെന്നു പറയുകയായിരുന്നില്ല. എന്നാൽ അങ്ങനെ ആയിരിക്കുവാൻ *കഴിയുമെന്നും കഴിയണമെന്നും* പറയുകയായിരുന്നു. സുവിശേഷത്തിന്റെ ലഭ്യതയും സാമിപ്യവും ഊന്നി പറയുന്നവയായിരുന്നു.

പൗലൊസ് മോശെയുടെ വാക്കുകളെ സുവിശേഷത്തെക്കുറിച്ചുള്ള ഒരു ചുരുങ്ങിയ ചർച്ചക്കായി ഉപയോഗിച്ചു. എന്നാൽ അത് എന്തു പറയുന്നു. (വിശ്വാസത്തിൽ അധിഷ്ഠിതമായ നീതി) വചനം നിനക്കു സമീപമായി നിന്റെ വായിലും നിന്റെ ഹൃദയത്തിലും ഇരിക്കുന്നു. അത് ഞങ്ങൾ പ്രസംഗിക്കുന്ന വിശ്വാസ വചനം തന്നെ (10:8). വിശ്വാസ വചനം എന്നാൽ വിശ്വാസം ഉളവാക്കുന്ന വചനം (10:17). മാത്രമല്ല, വിശ്വാസം പ്രതികരണം ആവശ്യപ്പെടുന്ന സന്ദേശം[10] (1:16 കാണുക).

**വാക്യം 9.** ''വിശ്വാസവചനം എന്താണ് ഉൾക്കൊണ്ടിരുന്നത്?'' ദൈവകൃപയും യേശുവിന്റെ മരണവുമാണെന്ന് നാം പ്രതീക്ഷിച്ചേക്കാം പകരമായി ആവർത്തനം 10:14ൽ നിന്ന് തന്റെ സൂചക പദം എടുത്ത് ദൈവസ്നേഹത്തിന്റെ കഥയോട് മനുഷ്യന്റെ പ്രിതികരണം എന്നതിനെക്കുറിച്ച് പൗലൊസ് സംസാരിക്കുന്നു. അതായത്, ''**യേശുവിനെ കർത്താവെന്ന് ഹൃദയംകൊണ്ട്[11] വിശ്വസിക്കുകയും വായ്കൊണ്ട് ഏറ്റുപറയുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും.**'' 10:1-ൽ താൻ യിസ്രായേലിന്റെ രക്ഷക്കായി പ്രാർത്ഥിക്കുന്നു എന്നു പറഞ്ഞു. ഇപ്പോൾ പറയുന്നു അവർക്ക് *എങ്ങനെ* രക്ഷിയ്ക്കപ്പെടാൻ കഴിയും എന്ന്. ഹൃദയത്തിൽ വിശ്വസിക്കുകയും വായ്കൊണ്ട് ഏറ്റുപറയുകയും ചെയ്യുന്നതുമൂലമാണ് രക്ഷിക്കപ്പെടുന്നതെന്ന് പറഞ്ഞു. സമയ ബന്ധത്തിൽ പറഞ്ഞാൽ ഹൃദയത്തിലെ വിശ്വാസവും അതിനു പിൻപെ ഏറ്റുപറച്ചിലും. മോശെ ആവർത്തനം 30:14-ൽ പറഞ്ഞ ക്രമത്തെ പ്രതിഫലിപ്പിക്കുകയായിരുന്നു. ആ ഭാഗത്ത് വായിൽ എന്നത് ആദ്യവും ഹൃദയത്തിൽ എന്നത് പിന്നിലുമാണ്. പൗലൊസ് 10-ാം വാക്യത്തിലെ സമയക്രമത്തിലേക്കു മാറി.

റോമർ 10:9 സുവിശേഷത്തിന്റെ ഒഴിച്ചു കൂടാത്തത് പകരം വയ്ക്കാനാവാത്തതുമായ രണ്ടു വസ്തുതകളെ സ്പർശിക്കുന്നു. ദൈവം യേശുവിനെ മരണത്തിൽനിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചു (1 കൊരി. 15:4), യേശു കർത്താവാകുന്നു (കൊലൊ. 2:6). കർത്താവ് (κύριος, *kurios*) എന്ന് പറഞ്ഞതിന് ദൈവം എന്നർത്ഥം. സെപ്റ്റുവെജന്റിൽ ദൈവത്തിന്റെ പരിശുദ്ധനാമം ആറായിരം പ്രാവശ്യം ഉപയോഗിക്കുന്നു.[12] ഒന്നാമത്തെ സുവിശേഷ പ്രസംഗത്തിൽ പത്രൊസ് ഈ രണ്ട് കേന്ദ്രസത്യങ്ങൾ ഉപയോഗിച്ച് മരണത്തിന്റെ ദുഃഖത്തിന് അന്ത്യം വരുത്തിക്കൊണ്ട് *ദൈവം യേശുവിനെ ഉയിർത്തെഴുന്നേൽപ്പിച്ചു* എന്ന് വിളംബരം ചെയ്തു. മരണത്തിന് യേശുവിനെ തന്റെ ശക്തിയുടെ ഉള്ളിൽ പിടിച്ചു വെയ്ക്കുവാൻ കഴിയാഞ്ഞതുകൊണ്ട് (പ്രവർത്തി. 2:24). പത്രൊസ് തന്റെ പ്രസംഗത്തിന്റെ അവസാനത്തിൽ വന്നപ്പോൾ ഈ നിഗമനത്തിലെത്തി. ''ആകയാൽ നിങ്ങൾ ക്രൂശിച്ച യേശുവിനെ കർത്താവും ക്രിസ്തുവാക്കി വച്ചു എന്ന് യിസ്രായേൽ ഗൃഹമൊക്കെയും നിശ്ചയമായി അറിഞ്ഞുകൊള്ളട്ടെ'' (പ്രവൃത്തി. 2:36).

**വാക്യം 10.** ഈ സത്യങ്ങൾ വിശ്വസിക്കുകയും ഏറ്റുപറയുകയും ചെയ്യേണ്ടതിന്റെ ആവശ്യം 10-ാം വാക്യത്തിൽ ശക്തിപ്പെടുത്തി പറഞ്ഞിട്ടുണ്ട്. അത്

രണ്ടു വിഷയങ്ങളെയും സ്വാഭാവിക കാലാനുക്രമത്തിൽ ചേർത്തിട്ടുണ്ട്. **ഹൃദ യംകൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റുപറയുകയും ചെയ്യുന്നു.** ഈ വാക്യത്തിൽ നീതിയും (ദൈവമുൻപിൽ ശരിയായ നിലപാട്) രക്ഷയും ഒന്നിനുപകരം ഒന്ന് എന്ന രീതിയിൽ ഉപയോ ഗിച്ചിട്ടുണ്ട്. വിശ്വാസവും ഏറ്റുപറച്ചിലും ഒരേ ഉദ്ദേശത്തിനുവേണ്ടിയാണ്. രക്ഷിയ്ക്കപ്പെടുവാനും നീതീകരിയ്ക്കപ്പെടുവാനും.

9, 10 വാക്യങ്ങൾ വേദവിദ്യാർത്ഥികൾക്ക് പ്രത്യേക താല്പര്യം ഉള്ളതാണ്. എന്തുകൊണ്ടെന്നാൽ അത് നമ്മുടെ ഹൃദയത്തിലുള്ള വിശ്വാസത്തെ ഏറ്റുപ റയുന്നതിനെക്കുറിച്ചുള്ള പ്രധാന തിരുവചനഭാഗങ്ങളാണ്. യേശു പറഞ്ഞു "മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്ന ഏവനേയും എന്റെ പിതാവിൻ മുൻപിൽ ഞാനും ഏറ്റു പറയും" (മത്താ. 10:32). യോഹന്നാൻ എഴുതി, "യേശു ദൈവപുത്രൻ എന്നു സ്വീകരിക്കുന്നവനിൽ ദൈവവും അവൻ ദൈവത്തിലും വസിക്കുന്നു" (1 യോഹ. 4:15; 4:2). KJV യിൽ എത്യോപ്പ്യൻ ഷണ്ഡനും ഫിലി പ്പൊസും തമ്മിലുള്ള സംഭാഷണത്തിൽ,

> അവർ ഇങ്ങനെ വഴിപോകയിൽ വെള്ളമുള്ളൊരു സ്ഥലത്തെത്തി യപ്പോൾ ഷണ്ഡൻ ഇതാ വെള്ളം ഞാൻ സ്നാനമേൽക്കുന്നതിന് എന്തു വിരോധം എന്നു പറഞ്ഞു. അതിനു ഫിലിപ്പൊസ് നീ പൂർണ്ണഹൃ ദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ ആകാം എന്നു പറഞ്ഞു. യേശു ക്രിസ്തു ദൈവപുത്രൻ എന്നു ഞാൻ വിശ്വസിക്കുന്നു എന്ന് അവൻ ഉത്തരം പറഞ്ഞു. അങ്ങനെ അവൻ തേർ നിർത്തുവാൻ കല്പിച്ചു. ഫിലി പ്പൊസും ഷണ്ഡനും ഇരുവരും വെള്ളത്തിൽ ഇറങ്ങി അവൻ അവനെ സ്നാനം കഴിപ്പിച്ചു (പ്രവൃത്തി. 8:36-38).

അധികം പണ്ഡിതന്മാരും പറയുന്നത് ഷണ്ഡന്റെ നല്ല ഏറ്റുപറച്ചിൽ ഉൾപ്പെ ടുന്ന, അ. പ്രവൃത്തി. 8:37-ാം വാക്യം മൂലഭാഷയിൽ ഇല്ലായിരുന്നു എന്നാണ്.[13] അതേ സമയം പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത് ഈ വാക്യം ആദിമ സഭ യുടെ പതിവു രീതി പ്രതിഫലിപ്പിക്കുന്നതാണ്. ഈ വാക്യം അവർ സ്നാനപ്പെ ടുന്നതിനു മുൻപെ അവരുടെ വിശ്വാസം ഏറ്റു പറയുന്ന പതിവുണ്ടായിരുന്നു എന്ന് പറയുന്നു.

റോമർ 10:9, 10-ൽ പറയുന്ന ഏറ്റുപറച്ചിൽ നിശ്ചമായും സ്നാനത്തിനു മുൻപുള്ള ഏറ്റു പറച്ചിൽ ഉൾപ്പെടുന്നതാണ്.[14] എന്നാൽ അത് നിർബന്ധ മല്ലായിരുന്നു. 10-ാം വാക്യത്തിൽ വർത്തമാന കാലക്രിയ ഉപയോഗിച്ചിരി ക്കുന്നു. തുടർച്ചയായ പ്രവർത്തിയെ കുറിക്കുന്നു. CJB യിൽ "വിശ്വസിച്ചു കൊണ്ടിരിക്കയും പരസ്യമായ സാക്ഷ്യം വഹിക്കുകയും ചെയ്തുകൊണ്ടി രിയ്ക്കുന്ന"എന്നാണ്. വേദപുസ്തകം രഹസ്യ ശിഷ്യത്വത്തെ പ്രോത്സാ ഹിപ്പിക്കുന്നില്ല. ആദിമ ക്രിസ്ത്യാനികൾ ധൈര്യമായി അവരുടെ വിശ്വാസ സ്നാനത്തിനു മുമ്പായി പ്രഖ്യാപിക്കുമായിരുന്നു.

നാം "യേശുക്രിസ്തുവിൽ വിശ്വസിക്കണം" എന്നുള്ളത് നിർബന്ധമാണ്. മറ്റുള്ളവർ നമ്മുടെ വിശ്വാസം അറിയുവാൻതക്കവണ്ണം നാം ശക്തിയായി വിശ്വ സിക്കണമെന്നുള്ളതും പ്രധാനമാണ്. മറ്റുള്ളവരുടെ മുമ്പാകെ യേശുവിനെ ഏറ്റുപറയുകയും വേണം. രക്ഷിയ്ക്കപ്പെടുന്നതിന് വിശ്വാസവും ഏറ്റുപറ ച്ചിലും ഒരു പോലെ ആവശ്യമാണ്. ഏറ്റുപറച്ചിലില്ലാത്ത വിശ്വാസം ഭീരുത്വം

ആണ്. വിശ്വാസം ഇല്ലാത്ത ഏറ്റുപറച്ചിൽ കപടഭക്തിയും ആണ്.[15]

രക്ഷയ്ക്ക് ഏറ്റുപറയുന്നത് ആവശ്യമാണെന്നുള്ള പൗലൊസിന്റെ പഠിപ്പിക്കലുകൾ "രക്ഷയ്ക്ക് വിശ്വാസം മാത്രം" ആധാരം എന്നു പഠിപ്പിക്കുന്നവർക്ക് പ്രയാസമുണ്ടാകുന്നു. വിശ്വാസം മാത്രം എന്ന പ്രസ്ഥാനക്കാരുടെ വിശ്വാസം മാത്രം എന്നതിന്റെ നിർവചനം വിശ്വാസം അധികം ഒന്നുമില്ല വിശ്വാസം ന്യൂനം ഒന്നുമില്ല എന്നാണ്. എന്നാൽ റോമർ 10:9, 10 നു വിശ്വാസം അധികം (+) ഏറ്റുപറച്ചിൽ ആണ് രക്ഷയ്ക്ക് ആവശ്യമായിട്ടുള്ളത്. ചില തർജ്ജമക്കാർ ഏറ്റു പറച്ചിലിനെ വേറൊരു ഗണത്തിൽ പെടുത്തുവാൻ ശ്രമിക്കുന്നു. അവർ 10-ാം വാക്യം ഇങ്ങനെ വെളിവാക്കുന്നു. ഹൃദയംകൊണ്ട് രക്ഷക്കായി വിശ്വസിക്കുന്നു. അതിന്റെ ഫലമായി നീതീകരണം സംഭവിക്കുന്നു. വായ്കൊണ്ട് ഏറ്റുപറയുന്നു. അത് അവന്റെ ഉറപ്പിനു സഹായിക്കുന്നു. പക്ഷേ ഗ്രീക്കിൽ വിശ്വാസത്തിനും ഏറ്റുപറച്ചിലിനും ഓരോ വാക്കുകളാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന പദങ്ങൾ εἰς (*eis*) വിശ്വാസം ഒരാളെ നീതിയിലേക്കു/രക്ഷയിലേക്ക് കൊണ്ടുവരുന്നു എന്ന അർത്ഥത്തിലാണ്.[16] വിശ്വാസവും ഏറ്റുപറച്ചിലും രക്ഷയ്ക്ക് ആവശ്യമാണ്.

ചിലർ റോമർ 10:9, 10 ഉദ്ധരിക്കുന്നത് വിശ്വാസംമാത്രം മൂലമാണ് രക്ഷിയ്ക്കപ്പെടുന്നത് എന്നു തെളിയിക്കുവാനാണ്. സ്നാനം ആവശ്യമുള്ളതല്ലെന്നു കാണിക്കുവാനും കൂടിയാണ്. അത്ഭുതപ്പെടുത്തുന്നതാണ് കാരണം 10:9, 10 അങ്ങനെ *പഠിപ്പിക്കുന്നില്ല*. വിശ്വാസം + ഒന്നുമില്ല വിശ്വാസം – ഒന്നുമില്ല എന്ന് വിശ്വാസവും ഏറ്റുപറച്ചിലും രക്ഷയ്ക്ക് ആവശ്യമാണെന്നാണ് റോമർ 10:9, 10 പഠിപ്പിക്കുന്നത്. രണ്ടും തമ്മിൽ അടുത്ത ബന്ധമുണ്ട്. എന്നാൽ അവ സമാന അർത്ഥമായതല്ല. ഏറ്റുപറയാതെ വിശ്വസിക്കുവാൻ ഒരാൾക്കു കഴിയും (യോഹ. 12:42, 43). വിശ്വസിക്കാതെ ഏറ്റുപറയുവാനും ഒരാൾക്ക് കഴിയും (മത്താ. 7:21–23; ലൂക്കൊ 6:46).

ഈ വാദങ്ങളാൽ അവരെ വെല്ലുവിളിക്കുമ്പോൾ വിശ്വാസം മാത്രം എന്ന തത്വം പിടിച്ചിരിക്കുന്നവർ റോമർ 10:9, 10-ൽ ഇങ്ങനെ പ്രതിവാദം പറയുന്നു. "*ഏറ്റുപറച്ചിൽ* വിശ്വാസത്തിന്റെ ഒരു ഭാഗമാണ്," അതു ശരിയാണ് – "വിശ്വാസത്താലുള്ള നീതീകരണത്തിന് ഏറ്റുപറച്ചിൽ" എന്ന വെളിപ്പെടുത്തൽ കൂടി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ എന്തുകൊണ്ടാണ് അനുതാപം, സ്നാനം എന്ന ദൈവീക വെളിപ്പെടുത്തലുകൾ കൂടി ഉൾപ്പെടുത്താത്തത് (2:4; 6:3–6)? പ്രവൃത്തി 2-ാം അദ്ധ്യായത്തിൽ പത്രൊസ് (ലശ) ഉപയോഗിച്ച അതേ (into) വാക്ക് 10:9, 10-ൽ പൗലൊസും ഉപയോഗിക്കുന്നു. മാനസാന്തരം, സ്നാനം എന്നിവയെക്കുറിച്ച്, പത്രൊസ് പാപികളോട് മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ" എന്നു കല്പിക്കുന്നു (പ്രവൃത്തി. 2:38).

**വാക്യം 11.** പൗലൊസ് എഴുത്തു തുടരുമ്പോൾ ഒരു പഴയനിയമ ഭാഗം ഉദ്ധരിച്ചിരിക്കുന്നു. അല്പം മുമ്പ് ഉപയോഗിച്ച ഒരു ഭാഗം (9:33 കാണുക): **അവനിൽ വിശ്വസിക്കുന്ന ഒരുത്തനും ലജ്ജിച്ചുപോകയില്ല** (യെശയ്യാവ് 28:16 കാണുക).

**വാക്യം 12.** വിശ്വാസത്താലുള്ള നീതീകരണം എന്ന തന്റെ അടിസ്ഥാനപരമായ വിഷയത്തിലേക്ക് മടങ്ങിച്ചെന്നിട്ട് പൗലൊസ് ശ്രദ്ധിക്കുന്നു. "**യഹൂദൻ**" **എന്നും "യവനൻ" എന്നും വ്യത്യാസമില്ല**. 3:22-ൽ പൗലൊസ് പറഞ്ഞിരുന്നു, "യഹൂദന്മാരും യവനന്മാരും തമ്മിൽ ഒരു വ്യത്യാസവുമില്ല" എന്ന്. എന്നാൽ ആ ഭാഗത്ത് രക്ഷയുടെ ആവശ്യകത എന്നതിൽ യഹൂദനും യവനനും തമ്മിൽ

ഒരു വ്യത്യാസവുമില്ല. എല്ലാവരും പാപം ചെയ്ത് ദൈവതേജസ് ഇല്ലാത്തവരായിത്തീർന്നു (3:23). 10:12-ൽ അപ്പൊസ്തലൻ രക്ഷയുടെ അടിസ്ഥാനത്തിലും വ്യത്യാസമൊന്നും ഇല്ല എന്നു ശക്തിപ്പെടുത്തി പറയുകയാണ്. യഹൂദനും യവനനും വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് രക്ഷ പ്രാപിക്കുന്നത്. എഫ്. എഫ്. ബ്രൂസ് ഇങ്ങനെ അതെക്കുറിച്ച് അഭിപ്രായപ്പെട്ടിട്ടുണ്ട്.

> ഒരു വ്യത്യാസവുമില്ല എന്നു പറഞ്ഞ സ്ഥാനത്ത് (റോമർ 3:22) ഒരു ഉഗ്രമായ ശബ്ദമായിരുന്നു. കാരണം സ്വപ്രയത്നത്താൽ ദൈവത്തിനു സ്വീകാര്യമായി നില്പാനുള്ള കഴിവില്ലായ്മയും യഹൂദന്മാരും യവനന്മാരും ഒരു പോലെ പാപത്തിൻ കീഴിലാണെന്നും ഉള്ള വസ്തുത അവർക്ക് ബോധ്യമാകുകയായിരുന്നു. ഇപ്പോൾ അതേ വാക്കുകൾക്ക് ഒരു സന്തോഷ സ്വരം ഉണ്ട്. എന്തുകൊണ്ടെന്നാൽ ആ വാക്കുകൾ യഹൂദന്മാരോടും യവനന്മാരോടും ഒരു പോലെ പ്രഖ്യാപിക്കുകയാണ്, അവരുടെ പ്രവേശനത്തിനായി ദൈവത്തിന്റെ കരുണയുടെ വാതിൽ വിസ്താരമായി തുറക്കപ്പെട്ടിരിക്കുകയാണെന്നും ദൈവത്തിന്റെ സൗജന്യമായ ക്ഷമ ക്രിസ്തുയേശുവിൽ എല്ലാവർക്കും സൗജന്യമായി വിശ്വാസത്താൽ അവകാശപ്പെടുന്ന ഏവർക്കും ലഭ്യമാണെന്നുമാണ് കാര്യം.[17]

പൗലൊസ് തുടരുന്നു, **എല്ലാവർക്കും കർത്താവ് ഒരുവൻ** (യഹൂദനായാലും ജാതിയനായാലും); (3:29, 30 കാണുക) **ലോകത്തിലേക്കും ധനവാന്മാരായവരെ നോക്കാം**. എത്ര ധനവാന്മാരായിരുന്നാലും അവരുടെ ധനത്തിന് ഒരു പരിധിയുണ്ട്. എന്നാൽ ദൈവത്തിന്റെ ധനത്തിന് ഒരു പരിധിയുമില്ല. ജെ. ബി.യിൽ ഇങ്ങനെയാണ് ''എത്രയധികം പേർ ചോദിച്ചാലും കൊടുക്കത്തക്ക വണ്ണം ദൈവം ധനികനാണ്.''

**വാക്യം 13. ''കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും.''** വിളിച്ചപേക്ഷിക്കുക എന്നതിന് സഹായം ലഭിക്കുന്നതിനു വേണ്ടി അവന്റെ നാമം വിളിയ്ക്കുന്നതാണ്. അല്ലാതെ മാന്ത്രികമായ എന്തെങ്കിലും വാക്കുകളുടെ ഉച്ചാരണം അല്ല. പിന്നെയോ കഴിവുകേടിന്റെയും പേരായ്മയുടെയും ബോധത്താൽ കർത്താവിന്റെ നാമം വിളിച്ച് സഹായിപ്പാൻ ദൈവത്തിന് കഴിയും എന്ന പരമാർത്ഥമായ ബോധത്താൽ അവനിൽ ആശ്രയിക്കുകയും ചെയ്യുന്നതാണ്.[18] കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുക എന്നു വച്ചാൽ ആവശ്യത്തിലിരിക്കുന്നവന്റെ നിലവിളി എന്നാണ് മാക്ഗുയിഗൻ അതിനെ വിശദീകരിച്ചിരിക്കുന്നത്.[19]

13-ാം വാക്യത്തിലെ ചോദ്യം യോവേൽ 2:32-ൽ നിന്നും ഉണ്ടായതാണ്. ''ആര് കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നുവോ അവർ വിടുവിക്കപ്പെടുമെന്നാണ്.'' യോവേലിലെ ഭാഗം യഹോവയുടെ സംഭവിപ്പാനുള്ള വലുതും ഭയങ്കരവുമായ ദിവസത്തെക്കുറിച്ചാണ് (യോവേൽ 2:31). യഹോവയുടെ നാമം എന്നാൽ ദൈവത്തിന്റെ നാമം എന്നാണ്. ഡഗ്ലസ് ജെ. മൂ പറയുന്നത് യഹോവ എന്ന് യോവേലിൽ കാണുന്നത് ദൈവത്തിന്റെ ഉടമ്പടി നാമമാണ്. എന്നാൽ പൗലൊസ് യഹോവ എന്ന ഈ നാമത്തെ യേശുവിനോട് താദാത്മ്യപ്പെടുത്തിയിരിക്കുന്നു (10:9, 12). 13-ാം വാക്യം ആദിമ ക്രിസ്ത്യാനികൾ യേശുവിനെ ദൈവമായിട്ടാണ് കരുതിയിരുന്നത് എന്നു മനസിലാക്കാം.[20]

റോമർ 10:12, 13 വാക്യങ്ങൾ അനുസരണത്തിന്റെ പ്രാധാന്യം പൊതു

വേയും സ്നാനത്തിന്റെ കാര്യം പ്രത്യേകമായും കുറച്ചു കാണിക്കുവാൻ ഉപയോഗിക്കുന്നു. ഒരാൾ ആകെക്കൂടി ചെയ്യേണ്ടത് കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുക എന്നതാണ്. 12, 13 വാക്യങ്ങളിലെ വിശ്വസിക്കുകയും 10, 11 വാക്യങ്ങളിലെ ഏറ്റുപറയുകയും ചെയ്യുക എന്നതു ഉള്ളടക്കത്തിൽ തുല്യമാണ്. കൂടാതെ പത്രൊസ് യോവേലിലെ അതേ ഭാഗത്തുനിന്ന് പ്രവൃത്തി 2:21-ൽ ഉദ്ധരിക്കുന്നുണ്ട്. അതിനുശേഷം തന്റെ കേൾവിക്കാരോട് മാനസാന്തരപ്പെട്ടു സ്നാനപ്പെടുവാൻ (പ്രവൃത്തി. 2:38) പറയുന്നുണ്ട്. കൂടാതെ കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നതിനെക്കുറിച്ച് നമുക്കൊരു ദൈവശ്വാസീയമായ ഉദാഹരണം ഉൾപെടുത്തിയിട്ടുണ്ട്. സുവിശേഷകനായ അനന്യാസ് ശൗലിനോട് (പ്രവൃത്തി 22:16) "ഇനി താമസിക്കുന്നത് എന്ത്? എഴുന്നേറ്റ് അവന്റെ നാമം വിളിച്ചു പ്രാർത്ഥിച്ച് സ്നാനം ഏറ്റ് നിന്റെ പാപങ്ങളെ കഴുകിക്കളയുക" എന്നു പറഞ്ഞു. ഒടുവിലായി 10-ാം വാക്യത്തിലെ വിശ്വസിക്കുകയും ഏറ്റുപറയുകയും എന്ന വാക്യം പോലും സഹായത്തിനായി കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുക എന്നതും ഒരു ക്രിസ്ത്യാനി തന്റെ ജീവിതകാലം മുഴുവനും *തുടർന്നു* ചെയ്യേണ്ടതാണ് (കാണുക 1 കൊരി. 1:2; 2 തിമൊ. 2:22).

10:9-13 വരെയുള്ള വാക്യങ്ങളിലെ വിരുദ്ധമായ അഭിപ്രായങ്ങൾ പൗലൊസ് പഠിപ്പിച്ചുകൊണ്ടിരിക്കുന്ന പ്രധാന സത്യത്തിൽ നിന്ന് നമ്മൾ ശ്രദ്ധ തിരിയാതെയിരിക്കട്ടെ. ദൈവത്തിന് പൗലൊസ് രക്ഷക്ക് രണ്ടു വഴികൾ ഇല്ല എന്ന് ഉറപ്പിച്ചു പഠിപ്പിക്കുകയാണ്. യഹൂദന് ഒന്നും യവനന് വേറൊന്നും ഇല്ല. യഹൂദന്മാരും ജാതികളും ഒരു പോലെ തന്നെ രക്ഷിയ്ക്കപ്പെടും. യേശുവിൽ വിശ്വസിക്കുന്നതുമൂലവും തങ്ങളുടെ വിശ്വാസം ഏറ്റുപറയുന്നതുമൂലവും. യഹൂദന്മാർ രക്ഷിക്കപ്പെട്ടില്ലെങ്കിൽ അതിന് അവർ തന്നെയല്ലാതെ വേറെ ആരും ഉത്തരവാദികളല്ല. അത് യേശുവിനെ മശിഹയായും അവരുടെ രക്ഷകനായും സ്വീകരിക്കാതിരുന്നതുകൊണ്ട് മാത്രമാവും.

### വിശ്വാസം ജനിപ്പിക്കുവാൻ പ്രസംഗത്തിന്റെ ആവശ്യകത (10:14-17)

**14എന്നാൽ അവർ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും? അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും? 15ആരും അയക്കാതെ എങ്ങനെ പ്രസംഗിക്കും? നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം എന്നെഴുതിയിരിക്കുന്നുവല്ലോ!**

**16എങ്കിലും എല്ലാവരും സുവിശേഷം അനുസരിച്ചിട്ടില്ല. കർത്താവേ ഞങ്ങൾ കേൾപ്പിച്ചത് ആർ വിശ്വസിച്ചു? 17എന്ന് യെശയ്യാവു പറയുന്നുവല്ലോ. ആകയാൽ വിശ്വാസം കേൾവിയാലും, കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു.**

റോമർക്കെഴുതിയ ലേഖനത്തിൽ ആദിയോടന്ത്യം പൗലൊസ് ആവർത്തിച്ചാവർത്തിച്ച് ശക്തിപ്പെടുത്തി പറഞ്ഞത് നീതീകരണം വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ആണ് എന്നത്രെ. എന്നാൽ വിശ്വാസം ഉണ്ടാക്കുവാനുള്ള കാര്യങ്ങൾ എന്തെല്ലാമാണെന്ന് ഇതുവരെ പറഞ്ഞിരുന്നില്ല. 10-ാം അദ്ധ്യായത്തിന്റെ അവസാന ഭാഗത്ത്, മനുഷ്യരുടെ ഹൃദയങ്ങളിൽ വിശ്വാസം ഉണ്ടാകുന്നതിനുള്ള ദൈവത്തിന്റെ പദ്ധതി പൗലൊസ് വരച്ചുകാണിക്കുന്നു. അത് ദൈവത്തിന്റെ പ്ലാൻ ആയതിനാൽ അതു പൂർണ്ണതയുള്ളതാണ്. അതിൽ

നിന്നും ഒരു ചോദ്യം ഉത്ഭവിക്കുന്നു. പ്ലാൻ പൂർണ്ണമാണെങ്കിൽ എന്തുകൊണ്ട് എല്ലാവരും വിശ്വസിക്കുന്നില്ല? അതിനുത്തരം എന്തെന്നാൽ ആ പ്ലാനിൽ ഒരു മാനുഷിക പങ്കുണ്ട്. ദൈവത്തിന്റെ പദ്ധതി പൂർണ്ണമാണ്. എന്നാൽ ദൈവം ആരെയും അത് സ്വീകരിക്കുവാൻ നിർബന്ധിക്കുന്നില്ല. ആളുകൾക്ക് അത് നിരസിക്കുവാൻ കഴിയും. അതവർ ചെയ്യുന്നുമുണ്ട്.

10:14–17 വരെ മനുഷ്യരെ രക്ഷിക്കുന്നതിനുള്ള ദൈവത്തിന്റെ അത്ഭുതകരമായ പദ്ധതിയുടെ അടിസ്ഥാനമായ കാര്യങ്ങളെക്കുറിച്ച് നാം കണ്ടു. ആ പദ്ധതിക്ക് എന്തെല്ലാം ആവശ്യമുണ്ട് എന്ന് നോക്കാം.

**വാക്യങ്ങൾ 14, 15a**. ഈ വാക്യങ്ങൾ അതുപോലെതന്നെ നമ്മുടെ രേഖാരൂപമായി ഉപയോഗിക്കാം. എന്നാൽ സമയക്രമത്തിൽ ആവശ്യകതകളെ കൊണ്ടുവരാനായി ക്രമം തിരിച്ചിടാം. ഓരോ ചോദ്യത്തിന് അതിലടങ്ങിയിരിക്കുന്ന ഉത്തരം ''അവർക്കു സാധിക്കുകയില്ല'' എന്നാണ്.

1. *ദൈവത്തിന്റെ പ്ലാൻ തുടങ്ങുന്നത് ദൈവികമായ ഒരു ചുമതലപ്പെടുത്തലോടെയാണ്.* 15-ാം വാക്യത്തിൽ നാം വായിക്കുന്നു, ''**ആരും അയയ്ക്കാതെ എങ്ങനെ പ്രസംഗിക്കും?**'' സാധാരണയായി ഈ ചോദ്യം മിഷനറി വേലയോടു ബന്ധപ്പെടുത്തിയാണ് പറയാറുള്ളത്. ''ഒരു പ്രത്യേക രാജ്യത്ത് പ്രസംഗിക്കുവാൻ നാം അയയ്ക്കാതെ എങ്ങനെ സാധിയ്ക്കും?'' ഇതൊരു പ്രധാന ചോദ്യമാണെങ്കിലും പൗലൊസ് ചോദിക്കുന്ന ചോദ്യത്തിന്റെ പ്രാഥമികമായ ഉദ്ദേശം അതല്ല. *ദൈവം* യഹൂദന്മാരുടെ രക്ഷയ്ക്കുവേണ്ടി എല്ലാ ആനുകൂല്യങ്ങളും നല്കിയിട്ടുള്ളതുകൊണ്ട് അവർക്ക് ഒഴികഴിവുപറയാൻ കഴിയുകയില്ല എന്നു പറയുകയാണ്. സന്ദർഭമനുസരിച്ച് ചോദ്യത്തിന്റെ അർത്ഥം എന്താണെന്നുവച്ചാൽ, ''ദൈവമയയ്ക്കാതെ അവർ എങ്ങനെ പ്രസംഗിക്കും എന്നാണ് – ഒരു ദിവ്യമായ ചുമതലപ്പെടുത്തൽ ഇല്ലാതെ അവർ എങ്ങനെ പ്രസംഗിക്കും?''

''അയയ്ക്കുക'' എന്നതിന്റെ ഗ്രീക്കുവാക്കായ ἀποστέλλω (*apostellō*) എന്ന വാക്കാണ് ''അയക്കപ്പെട്ടവൻ'' (ἀπόστολος, *apostolos*) എന്നതിന്റെ ക്രിയാരൂപം.[21] പൗലൊസിനും മറ്റ് അപ്പൊസ്തലന്മാർക്കും കർത്താവിൽ നിന്നും ഒരു *പ്രത്യേക* മിഷൻ ലഭിച്ചിരുന്നു. ''പോയി സുവിശേഷം പ്രസംഗിക്കുക'' എന്നാൽ അവർക്ക് (ചുരുക്കം ചില പുരുഷന്മാർ) മാത്രമായിട്ടായിരുന്നില്ല. നമുക്കും പോയി പ്രസംഗിക്കുവാനും പഠിപ്പിക്കുവാനും ഉള്ള കല്പനയുണ്ട്. അത് ഒരു ദർശനത്തിൽ കൂടെയോ, മന്ദമായിട്ടുള്ള ഒരു ചെറിയ ശബ്ദത്തിൽ കൂടെയോ അല്ല ലഭിയ്ക്കുന്നത് (1 രാജാ. 19:12; KJV); പിന്നെയോ നമുക്ക് എഴുത്തുകളിൽ കൂടെയാണ്:

> യേശു അടുത്തു ചെന്നു. ''സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും, ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ. ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടു കൂടെയുണ്ട്'' എന്നരുളിച്ചെയ്തു (മത്തായി. 28:18–20).

നഷ്ടപ്പെട്ടു പോകുന്നവരോട് നാം സുവിശേഷം അറിയിക്കുമ്പോൾ നാം

കർത്താവിന്റെ പിൻബലത്തോടും അധികാരത്തോടും കൂടെയാണ് അതു ചെയ്യുന്നത്.

2. *അടുത്തകാര്യം ദൈവത്തിന്റെ പദ്ധതിയിൽ സുവിശേഷം പ്രസംഗിക്കുകയാണ്.* നമ്മുടെ പാഠത്തിൽ അല്പം പുറകോട്ട് പോയി 14രയിൽ നാം വായിക്കുന്നു **പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും?** പ്രസംഗത്തിന്റെ പ്രാധാന്യത്തെ കാണിക്കുന്ന ഒരു പ്രധാനപ്പെട്ട പുതിയനിയമ വാക്യമാണിത് (1 കൊരി. 1:21 ഗഖഢ). പൗലൊസ് തിമൊഥെയൊസിനോടു പറഞ്ഞു.

> "ഞാൻ ദൈവത്തെയും ജീവികൾക്കും മരിച്ചവർക്കും ന്യായവിസ്താരം നടത്തുവാനുള്ള ക്രിസ്തുയേശുവിനെയും സാക്ഷിവെച്ച് അവന്റെ നാമം ചൊല്ലി, കല്പിക്കുന്നത് വചനം *പ്രസംഗിക്ക* സമയത്തിലും അസമയത്തിലും ഒരുങ്ങിനില്ക്ക. സകല ദീർഘക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്ക, കുറ്റപ്പെടുത്തുക, പ്രബോധിപ്പിക്ക (2 തിമൊ. 4:1, 2)."

"പ്രസംഗകൻ" എന്ന് തർജ്ജമചെയ്യപ്പെട്ടിട്ടുള്ള ഗ്രീക്കുപദം റോമർ 10:14ൽ പറയുന്ന പ്രസംഗകനിൽ ഞായറാഴ്ചയോ അല്ലാതെയോ പുൾപിറ്റിൽ അല്ലാത്തപ്പോഴോ നിന്നുകൊണ്ട് പ്രസംഗം പറയുന്ന ആളിൽ ഒതുങ്ങുന്നില്ല. κηρύσσω (*kērussō*) എന്ന ഗ്രീക്കു പദത്തിന് "ഘോഷകൻ" എന്നാണർത്ഥം.[22] അതിന് അധികാരപ്പെട്ട ഒരാൾ ഒരു സന്ദേശം അറിയിക്കുന്നതിനായി ഒരാളെ "ഘോഷകൻ" ആയി "അയയ്ക്കുന്നു" എന്ന അർത്ഥമാണ് ധ്വനിക്കുന്നത്. ഘോഷകൻ നാട്ടിലെങ്ങും സഞ്ചരിച്ച് കാണുന്ന ഏവരോടും തന്നെ ഏല്പിച്ച ദൂത് അറിയിക്കുന്നു. ചെറിയ കൂട്ടത്തോടോ വലിയ ജനക്കൂട്ടത്തോടോ അറിയിക്കുന്നു. കർത്താവിന്റെ വലിയ കല്പന, എല്ലാ ക്രിസ്ത്യാനിയെയും ഓരോ ഘോഷകൻമാരായി അയയ്ക്കുക എന്നതായിരുന്നു. ചിലർ പരസ്യമായും ചിലർ രഹസ്യമായും ഈ ദൂത് അറിയിക്കും. എന്നാൽ നാം ഓരോരുത്തരും ആ സന്ദേശം പങ്കിട്ടേ കഴിയൂ.

ഘോഷകനിൽ ശക്തി ഒന്നും ഇല്ല എന്ന് നാം അറിയണം. അവന്റെപക്കലുള്ള ദൂതിനാണ് ശക്തിയുള്ളത്. ദൈവത്തിന്റെ പദ്ധതിയനുസരിച്ച് ആ സന്ദേശം എന്താണ്. 14-ാം വാക്യം അതു പറയുന്നില്ല. തുടർന്നുള്ള വാക്യങ്ങൾ അതു പറയുന്നു. ചഅടആയിൽ 15, 16 വാക്യങ്ങൾ ഴീറ ിലംെ (നല്ലവാർത്ത) എന്നെഴുതുന്നു. 15-ാം വാക്യത്തിൽ εὐαγγελίζω (*euangelizō*) എന്ന ക്രിയാരൂപം കാണുന്നു. 16-ാം വാക്യം ഏവൻഗേലിയോൻ εὐαγγέλιον (*euangelion*) എന്ന നാമരൂപം ഉപയോഗിക്കുന്നു. സുവിശേഷം എന്നതിനുള്ള വാക്ക് (1:16, 17 വാക്യങ്ങളുടെ വിശദീകരണം ശ്രദ്ധിക്കുക) KJV പറയുന്നു, "*നന്മ സുവിശേഷിക്കുന്നവരുടെ* കാൽ എത്ര മനോഹരം." എന്നാൽ അവർ എല്ലാവരും സുവിശേഷം അനുസരിച്ചിട്ടല്ല (10:15, 16) സുവിശേഷം യേശുവിനെക്കുറിച്ചുള്ള സുവാർത്തയാണ് (1 കൊരി. 15:1-4) കാണുക.

17-ാം വാക്യം ഈ സന്ദേശത്തെ "ക്രിസ്തുവിന്റെ വചനം"[23] എന്നു വിളിക്കുന്നു. ക്രിസ്തു പ്രസംഗിച്ച വചനം (മക്ക്ക്കോർഡ്) എന്നു പറയാം അല്ലെങ്കിൽ ക്രിസ്തുവിനെക്കുറിച്ചുള്ള വചനം (CEV; CJB; NLT). എന്നാൽ 9-ാം വാക്യത്തിൽ പറഞ്ഞതുപോലെയുള്ള വചനങ്ങൾ: അവൻ കർത്താവാകുന്നു, ദൈവം അവനെ മരണത്തിൽ നിന്നും ഉയിർപ്പിച്ചു. ഈ കാര്യങ്ങൾ എല്ലാം ക്രിസ്തുവിന്റെ വചനം എന്ന വാക്യാംശത്തിൽ സംഗ്രഹിച്ചു. "ക്രിസ്തു ഉള്ള

ടക്കവും സൃഷ്ടിതാവും ആയ വചനം.''[24]

''ക്രിസ്തുവിന്റെ വചനം'' എങ്ങനെയൊക്കെ വ്യാഖ്യാനിച്ചാലും ശക്തീകരണം *ക്രിസ്തുവിനെ* പ്രസംഗിക്കുക എന്നതാണ്. ഗലാത്യ ക്രിസ്ത്യാനികളോട് പൗലൊസ് പറഞ്ഞു. ''എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിലല്ലാതെ പ്രശംസിപ്പാൻ ഇടവരരുത്'' (ഗലാ. 6:14) കൊരിന്ത്യരോട് പൗലൊസ് ഇങ്ങനെ പറഞ്ഞു. ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കണമെന്ന് ഞാൻ നിർണ്ണയിച്ചു (1 കൊരി. 2:2). ക്രൂശല്ലാതെ മറ്റൊന്നും പൗലൊസ് പ്രസംഗിച്ചിട്ടില്ലെന്ന് അതിനർത്ഥമില്ല. അതി-നർത്ഥം താൻ ക്രൂശുമായുള്ള ബന്ധത്തിൽ അല്ലാതെ മറ്റൊന്നും അറിഞ്ഞില്ല എന്നാണ്.

ക്രൂശിനു തുല്യമായി മറ്റൊന്നും തന്നെ അറിഞ്ഞിരുന്നില്ല എന്ന് നമ്മിൽ പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവർ (എല്ലാ ക്രിസ്ത്യാനികളും ഉൾപ്പെടുന്നു) പൗലൊസിൽ നിന്നു പഠിയ്ക്കേണ്ടത് നമ്മുടെ കേൾവിക്കാരിൽ *വിശ്വാസം* ജനിപ്പിക്കുവാൻ സാധിക്കണമെങ്കിൽ നാം ക്രിസ്തുവിനെയും അവന്റെ ക്രൂശീകരണത്തെയും കുറിച്ച് പ്രസംഗിക്കാതെയും പഠിപ്പിക്കാതെയും ഇരിക്കരുത്. ''ഈ മഹനീയമായ പഴയകഥ നമ്മുടെ പ്രസംഗത്തിന്റെ ഹൃദയ ഭാഗത്തില്ലെങ്കിൽ അതൊരു *സുവിശേഷ* പ്രസംഗമല്ല.''

3. ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ വേറൊരു ഘടകം എന്താണെന്നു വച്ചാൽ, ഗ്രഹണശക്തിയുള്ളവരായും സ്വീകരിയ്ക്കുന്ന മനസോടെയും കേൾക്കേണ്ടത് ആവശ്യമാണ്. അല്പം പുറകോട്ട് 14-ാം വാക്യം bയിലേക്കു പോയാൽ നമുക്ക് ഈ ചോദ്യം ലഭിക്കുന്നു: **അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും?** പ്രസംഗിക്കുന്നതിന് ഉത്തരവാദപ്പെട്ട ആൾ അവൻ ആരോടു പ്രസംഗിക്കുന്നുവോ അവർക്കും ഒരു ചുമതലയുണ്ട്, അവർ കേൾക്കണം 17-ാം വാക്യം പറയുന്നു, ''വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു.'' യേശുവിന്റെ വിതെക്കുന്നവന്റെ ഉപമയിൽ സ്വീകരിക്കുന്ന കേൾവിക്കാരനായിരിക്കുന്നത് എത്ര പ്രധാനപ്പെട്ട കാര്യമാണെന്ന് ഊന്നിപ്പറഞ്ഞിട്ടുണ്ട് (മത്തായി 13:3-9; 18-23).

കൂടുതൽ പേരും വായിക്കുവാൻ കഴിയാതെയിരുന്ന കാലത്താണ് പൗലൊസ് എഴുതിയത്. കൂടാതെ കയ്യെഴുത്തു പ്രതികൾ സാധാരണക്കാരന് വളരെ ചെലവേറിയതും ആയിരുന്നു. ആളുകൾ സുവിശേഷം *കേട്ടില്ലെങ്കിൽ* കൂടുതൽ പേർക്കും അതറിയുവാൻ വേറെ മാർഗ്ഗമില്ലായിരുന്നു. ഇന്ന് അധികം ആളുകൾക്കും വായിക്കുവാൻ കഴിയും. അതുകൊണ്ട് ദൈവവചനം വായിക്കുന്നതുകൊണ്ടും വിശ്വാസം ഉണ്ടാകും (യോഹ. 20:30, 31). എങ്കിലും വചന കേൾവിക്ക് അതിൽ തന്നെ വളരെ പ്രയോജനമുണ്ട്. സുവിശേഷത്തിന്റെ ശക്തിയ്ക്ക് പ്രസംഗകന്റെ സ്വാധീന ശക്തിയും (1:16 കാണുക) ഫലത്തിൽ ദൈവം പറഞ്ഞത് ശരിതന്നെയെന്ന് ഉറപ്പിക്കുന്നതും കൂടി സഹായകരമാകുന്നു.

14, 17 വാക്യങ്ങളിലുള്ള ''കേൾക്കുക'' ''കേട്ടുകൊണ്ടിരിക്കുക'' ''കേട്ടു'' എന്നീ രൂപഭേദങ്ങൾ (ἀκούω *akouō*) എന്ന ഗ്രീക്കുപദത്തിൽ നിന്നുള്ളതാണ്. Acoustic എന്ന വാക്ക് അതിൽ നിന്നാണ് നമുക്കു ലഭിക്കുന്നത്. ഈ വാക്കുകളിൽ ''കേൾക്കുക'' എന്ന പദത്തിന് ഒരു ശബ്ദം കേട്ട് ബോധമനസ്സിൽ തട്ടി എന്നു മാത്രമല്ല, അർത്ഥമുള്ളത് മനസിലാക്കുകയും സ്വീകാര്യതയോടെ കേൾക്കുകയും ചെയ്യുക എന്നാണ് അർത്ഥമാക്കുന്നത്. യേശു തന്റെ

വാക്കുകൾ തള്ളിക്കളഞ്ഞവരോട് പറഞ്ഞത് അവർ യേശുവിന്റെ വാക്കുകൾ കേട്ടു എങ്കിലും കേട്ടു *ഗ്രഹിച്ചില്ല* എന്നാണ് (മർക്കൊ. 4:12).

പൗലൊസ് ചോദിച്ച ചോദ്യത്തിൽ രസകരമായ ഒരു വിശദീകരണമുണ്ട്. വീണ്ടും നോക്കുക: ''കേട്ടിട്ടില്ലാത്തവനിൽ അവർ എങ്ങനെ വിശ്വസിക്കും?'' (KJV, NIV കണുക) ഒരു പക്ഷേ പൗലൊസ് ആലോചിച്ചത് ''നാം ക്രിസ്തുവിന്റെ വചനം പ്രസംഗിക്കുമ്പോൾ ക്രിസ്തു തന്നെ പ്രസംഗിച്ചതുപോലയത്രെ. ക്രിസ്തു ഒരു പ്രാവശ്യം തന്റെ ശിഷ്യന്മാരെ പ്രസംഗ യാത്രയ്ക്കയച്ചപ്പോൾ അവൻ അവരോട് നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു, നിങ്ങളെ തിരസ്ക്കരിക്കുന്നവർ എന്നെയും നിരസിക്കുന്നു. എന്നാകും.'' തന്റെ ദൂതുവാഹകരിൽ കൂടെ ക്രിസ്തുതന്നെയാണ് ''ദൈവത്തോടു നിരന്നുകൊൾവീൻ'' എന്ന് ജനത്തോട് അഭ്യർത്ഥിക്കുന്നത് (ലൂക്കൊ. 10:16). മാക്ഗുയിഗൻ പറയുന്നു,

> ക്രിസ്തുവാണ് തന്റെ സന്ദേശവാഹകരിൽ കൂടെ ദൈവത്തോടു നിരന്നുകൊൾവീൻ എന്ന് അപേക്ഷിയ്ക്കുന്നത്, അതൊരു അവിശ്വസനീയമായ ചിന്തയല്ലേ?! അത് അതിനു മാന്യത നൽകുന്നു, മാന്യത മാത്രമല്ല ഭയാനകമായ മഹത്വവും. കല്പനയാൽ നടത്തുന്ന വിളംബരം. യഥാർത്ഥമായ വിളംബരത്തിൽ *ക്രിസ്തു* തന്നെ ആശ്രയിക്കുവാൻ ആളുകളോട് അഭ്യർത്ഥിക്കുന്നു.[25]

4. *ദൈവത്തിന്റെ പദ്ധതിയനുസരിച്ച് സുവിശേഷ പ്രസംഗത്തോടുള്ള പ്രതികരണം, അനുസരിക്കുന്ന വിശ്വാസമാണ്.* അതു നമ്മെ ഒന്നാമത്തെ ചോദ്യത്തിലേക്ക് കൊണ്ടുവരുന്നു. 14a: **അവർ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും?** 17-ാം വാക്യത്തിൽ പൗലൊസ് പറഞ്ഞു, ''വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു'' എന്ന് നാം സുവിശേഷത്തിന് പരമാർത്ഥ ഹൃദയത്തോടുകൂടി ചെവികൊടുക്കുകയാണെങ്കിൽ (ബുദ്ധിപരമായ ഒരു വ്യായാമം എന്ന നിലയിലല്ല) വിശ്വാസമായിരിക്കും ഫലം. റോമാ ലേഖനത്തിലെ ഒരു പ്രധാന തത്വത്തിലേക്ക് നമ്മെ എത്തിക്കുന്നു: വിശ്വാസത്തിന്റെ ആവശ്യകത. യേശു പറഞ്ഞു, ''ഞാൻ അവനെന്ന് (മശിഹായെന്ന്) നിങ്ങൾ വിശ്വസിക്കാതെയിരുന്നാൽ നിങ്ങൾ നിങ്ങളുടെ പാപത്തിൽ മരിക്കും'' (യോഹ. 8:24).

10:14 ലുള്ള വിശ്വാസം ഒരു ചത്ത നിർജീവമായ വിശ്വാസമല്ല (യാക്കൊ 2:17, 26 കാണുക); അത് ജീവിക്കുന്ന, സജീവവും, പ്രവർത്തിക്കുന്നതും, അനുസരിക്കുന്നതുമായ വിശ്വാസമാണ് (10:16 ലെ വ്യാഖ്യാനം കാണുക). ''അനുസരിക്കുന്ന വിശ്വാസത്തിൽ എന്തടങ്ങിയിരിക്കുന്നു'' (1:5; 16:26)? പൗലൊസ് അനുതാപ (മാനസാന്തരം) ത്തെക്കുറിച്ച് ചർച്ച ചെയ്തു (2:4). ഏറ്റുപറച്ചിൽ (10:9, 10) സ്നാനം (6:3–6), ആത്മാവിനെ അനുസരിച്ചു നടക്കുക ജഡത്തിൽ ജീവിക്കാതെയിരിക്കുക (8:4) ഇതെല്ലാം ചർച്ച ചെയ്തു.

5. *പദ്ധതിയുടെ അവസാനത്തെകാര്യം കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുക എന്നുള്ളതാണ്.* 14, 15 വാക്യങ്ങൾക്ക് മുഖവുരയായി ഈ ഉദ്ധരണി ഉപയോഗിച്ചിരിക്കുന്നു. ''കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും'' (10:13) കർത്താവിന്റെ നാമം വിളിച്ചപേക്ഷിയ്ക്കുക എന്നതിൽ എന്തെല്ലാം അടങ്ങിയിട്ടുണ്ട് എന്ന് നാം ചർച്ച ചെയ്തു. (10:13

ന്റെ വിശദീകരണം കാണുക) നമ്മുടെ വിശ്വാസം എന്നു പറയുന്നത് ചില വസ്തുക്കളെ മനസ്സിൽ സ്വീകരിക്കുക എന്നതല്ല. യേശുക്രിസ്തുവിനെക്കുറിച്ചുള്ള സുവാർത്തയെ ഹൃദയപൂർവ്വം സ്വീകരിക്കുക എന്നതാണ് (10:9, 10). അത് കർത്താവിങ്കലേക്കു തിരിയുവാനും അവന്റെ വഴിയിലേക്കുവരുവാനും സഹായിക്കും.

ദൈവത്തിന്റെ പരിപൂർണ്ണമായ പദ്ധതിയെ ആകെക്കൂടെ നിരീക്ഷിക്കുവാൻ ഒരുങ്ങണം:

1. ദൈവീകമായ ചുമതലപ്പെടുത്തൽ
2. സുവിശേഷം പ്രസംഗിക്കുന്നത്
3. തിരിച്ചറിവോടെ സ്വീകരണ മനോഭാവത്തോടെയുള്ള കേൾവി
4. അനുസരണത്തോടുകൂടിയ വിശ്വാസം
5. കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നത്

നാലാമത്തെ വ്യവസ്ഥ കൂടാതെ അഞ്ചാമത്തെ കാര്യം ചെയ്യുവാൻ സാധിയ്ക്കുകയില്ലെന്ന് പൗലൊസ് കാണിച്ചു. മൂന്നാമത്തേതു കൂടാതെ നാലാമത്തേതു സാധിക്കയില്ല. അങ്ങനെ പുറകോട്ട് ഒന്നാമത്തേതു വരെ. ഇവിടെ നാം കണ്ട പ്രാഥമിക സത്യം എന്തെന്നാൽ സുവിശേഷം പ്രസംഗിക്കുന്നവർക്ക് ഒരു ദിവ്യമായ ചുമതലപ്പെടുത്തൽ ഉണ്ട് എന്നതാണ്. യഹൂദന്മാർക്കും ജാതികൾക്കും (10:12) വേണ്ടി ദൈവം ഈ പദ്ധതി നടപ്പാക്കി. 10:12 ഇങ്ങനെ ദൈവം യിസ്രായേലിന് രക്ഷ നൽകി.

**വാക്യം 15b**. നാം മറ്റുള്ളവരോട് ഈ സുവാർത്ത പങ്കുവെയ്ക്കുകയാണെങ്കിൽ പൗലൊസ് പറയുന്നത്. നമ്മുടെ ശരീരത്തിലെ രണ്ട് അംഗങ്ങൾ മനോഹരമാണെന്നത്രെ. നമ്മുടെ മുഖം ആകർഷണീയമല്ലെന്ന് നമുക്കു തോന്നാം. നമ്മുടെ ശരീരം പൂർണ്ണതയുള്ളതല്ലായിരിക്കാം. എന്നാൽ നമുക്ക് മനോഹരമായ പാദങ്ങളുണ്ട്. **നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം എന്ന് എഴുതിയിരിക്കുന്നുവല്ലോ**. പൗലൊസ് യെശയ്യ 52:7-ൽ നിന്നും ഉദ്ധരിക്കുകയായിരുന്നു. അത് യഹൂദ പ്രവാസികൾക്ക് വിടുതലിന്റെ നല്ലവാർത്ത ബാബേൽ പ്രവാസത്തിൽ നിന്നുള്ള നല്ല വാർത്ത എത്തിക്കുന്നതിനെക്കുറിച്ചായിരുന്നു. ആ വാക്യം മുഴുവനായി ഇങ്ങനെ,

> സമാധാനത്തെഘോഷിച്ച്
> നന്മയെ സുവിശേഷിക്കയും,
> സീയോനോട് നിന്റെ ദൈവം വാഴുന്നു
> എന്നു പറയുകയും ചെയ്യുന്ന,
> സുവാർത്ത ദൂതന്റെ കാൽ,
> പർവ്വതങ്ങളിൽ എത്ര മനോഹരം!

പാപത്തിന്റെ അടിമത്വത്തിൽ കിടന്നവർക്കു വിടുതലുണ്ടെന്നുള്ള സദ്വാർത്ത നഷ്ടപ്പെടുന്ന ആളുകളോടു പറയുന്നവരോട് പൗലൊസ് യെശയ്യാവിന്റെ വാക്കുകൾ പറയുകയായിരുന്നു.

**വാക്യം 16.** ദൈവത്തിന് യഹൂദന്മാരുടെ രക്ഷക്കായി ഒരു പൂർണ്ണമായ പദ്ധതി ഉണ്ടായിരുന്നെങ്കിലും അവർ അത് കേൾക്കുവാൻ കൂട്ടാക്കിയില്ല. വിശ്വ

സിച്ചില്ല. യേശുവിനു കീഴ്പെട്ടില്ല. 16–ാം വാക്യം ഇങ്ങനെ തുടരുന്നു, **എങ്കിലും അവർ എല്ലാവരും സുവിശേഷം അനുസരിച്ചിട്ടില്ല**. സാന്ദർഭികമായി ''അവർ'' എന്നത് യഹൂദനെ കുറിക്കുന്നു (ചകഢ കാണുക). ഒരു ശേഷിപ്പുമാത്രമെ വിശ്വസിച്ചുള്ളൂ എന്ന കാര്യത്തിന് പൗലൊസ് പറയുന്നത് അവരെല്ലാവരും വിശ്വസിച്ചില്ല എന്നാണ് (''വേല ്യലാമിമ''; 9:27).

''കേട്ടില്ല'' എന്നു പറയുന്നത് ὑπακούω (*hupakouō*) എന്ന വാക്കും അതിന്റെ പുറകിലുള്ള ഗ്രീക്കുപദങ്ങളുടെ അർത്ഥവും അനുസരിച്ച് കീഴ്പെടലിലും അനുസരണത്തിലും അവസാനിക്കുന്ന ''സ്വീകരിക്കുന്ന കേൾവി'' ἀκούω (*akouō,* ''കേൾക്കുക''), ὑπα (*hupa,* ''കീഴ്പെടൽ'') എന്നാണർത്ഥം വരുന്നത്.[26] 16–ാം വാക്യത്തിൽ ഇങ്ങനെയാണ് തർജ്ജിമ ചെയ്തിരിക്കുന്നത്: ''പ്രശ്നം എന്താണെന്ന് വച്ചാൽ അവരെല്ലാവരും ശരിയായ ശ്രദ്ധകൊടുത്ത് സുവിശേഷം കേൾക്കുകയോ അനുസരിക്കുകയോ ചെയ്തിട്ടില്ല.'' പല തർജ്ജിമകളിലും അനുസരിക്കുക എന്ന ക്രിയയുടെ പലരൂപങ്ങൾ വലലറ എന്ന വാക്കു തർജ്ജമചെയ്യുവാൻ ഉപയോഗിച്ചിട്ടുണ്ട് (KJV; NKJV; NRSV; McCord).[27]

NASB, *hupakouō* എന്ന ഗ്രീക്കു പദം ''അനുസരിക്കുക'' എന്നു 16–ാം വാക്യത്തിൽ തർജ്ജമ ചെയ്യാഞ്ഞതെന്താണെന്ന് സ്പഷടമല്ല. റോമറിലെ മറ്റു ഭാഗങ്ങളിൽ ഗ്രീക്ക് പദമായ അനുസരണം, അനുസരിക്കുക എന്നതിന്റെ വാക്കുകൾക്ക് ചഅടആയിൽ തർജ്ജമ ചെയ്തിട്ടുണ്ട്. പക്ഷേ, അത് ഇവിടെയില്ല (1:5; 6:17; 16:26). ഒരു പക്ഷേ വലലറ എന്ന വാക്ക് ''കേൾക്കുക'', ''വിശ്വസിക്കുക'' എന്ന വാക്കുകളോട് ചേർക്കുകയായിരിയ്ക്കാം ശരി എന്നു വിചാരിച്ചുകാണും. അവരുടെ കാരണം എന്തായിരുന്നാലും, KJV 16-ാം വാക്യത്തിൽ അക്ഷരികമായിട്ടുള്ള തർജ്ജമയാണെന്നത്രെ: ''എന്നാൽ അവരെല്ലാവരും സുവിശേഷം അനുസരിച്ചില്ല.''[28]

ദൈവത്തിന് ഈ വിഷയം ഒരു അതിശയമായിരുന്നില്ല എന്നാണ് പൗലൊസ് വ്യക്തമാക്കുന്നത്: **എന്തെന്നാൽ യെശയ്യാവ് പറയുന്നു. ''ഞങ്ങൾ കേൾപ്പിച്ചത് ആർ വിശ്വസിച്ചിരിക്കുന്നു. യഹോവയുടെ ഭുജം ആർക്കു വെളിപ്പെട്ടിരിക്കുന്നു?''** ഈ ഉദ്ധരണി യെശയ്യാ 53–ാം അദ്ധ്യായത്തിൽ നിന്നാണ്. മശിഹായെ കഷ്ടപ്പെടുന്ന ദാസനായി ചിത്രീകരിച്ചിരിക്കുന്ന വലിയ അദ്ധ്യായത്തിൽ തുടങ്ങുന്ന വാക്കുകളാണ്. മിക്ക യഹൂദന്മാരും മശിഹായെ ഒരു ശക്തിയേറിയ വിജയിക്കുന്ന വീരനായി കാണപ്പെടുവാനാണ് ഇഷ്ടപ്പെട്ടിരുന്നത്. ഈ കാരണത്താൽ അനേകരും യെശയ്യ. 53 ഒരു മശിഹായെക്കുറിച്ചു പ്രവചിക്കുന്ന അദ്ധ്യായമാണെന്ന് പറയുവാൻ താൽപര്യപ്പെട്ടിരുന്നില്ല (പ്രവൃത്തി. 8:32–34 കാണുക). ആ മുൻവിധി തന്നെ മശിഹായെ അവൻ വന്നപ്പോൾ (യേശുവിനെ) തിരസ്ക്കരിക്കുവാൻ കാരണമായിത്തീർന്നു (യോഹ. 12:37–41 കാണുക).

16–ാം വാക്യത്തിൽ ''വിശ്വസിക്കുക'' എന്ന വാക്കും ''അനുസരിക്കുക'' എന്ന വാക്കും ഒന്നിനുപകരം ഒന്നായി ഉപയോഗിച്ചിട്ടുണ്ട് (യോഹ. 3:36; എബ്രാ. 3:18, 19 കാണുക). വീണ്ടും KJVയിൽ നോക്കാം: ''അവർ എല്ലാവരും സുവിശേഷം *അനുസരിച്ചിട്ടില്ല*'' എന്നുണ്ട്. (യെശയ്യാവ്) പറഞ്ഞു ''ഞങ്ങൾ പറഞ്ഞത് ആർ വിശ്വസിച്ചു?'' വിശ്വാസത്താൽ നീതീകരിക്കപ്പെടുന്നതിനെപ്പറ്റി മറ്റു സ്ഥാനങ്ങളിലുള്ള പൗലൊസിന്റെ വാക്കുകൾ സ്ഥിരമായതുതന്നെയാണ്. നാം വിശ്വാസത്താലാണ് നീതീകരിക്കപ്പെടുന്നത്. അത് പ്രകമ്പനം ചെയ്യുന്നതും പ്രവർത്തിക്കുന്നതുമായ വിശ്വാസമാണ്. ലാരീ ഡീസൺ അതി

നെക്കുറിച്ച് ഇപ്രകാരം എഴുതിയിരിക്കുന്നു. പൗലൊസിന്റെ ഉദ്ദേശം റോമർ പത്തിലേതു വിശ്വാസത്താലുള്ള നീതിയുടെയും അനുസരണത്തിന്റെ ആവശ്യകതയുടെയും വൈരുദ്ധ്യങ്ങൾ കണ്ടുപിടിക്കുകയല്ല. പിന്നെയോ *ക്രിസ്തുവിലുള്ള* ആശ്രയത്തിന്റെയും *സ്വയാശ്രയത്തിന്റെയും* വ്യത്യാസം കാണിക്കുകയാണ്. പ്രവൃത്തിയിലാശ്രയിക്കുന്നതും വിശ്വാസത്തിന്റെ അനുസരണവും തമ്മിലുള്ള വ്യത്യാസം (നീതി ലഭിക്കുന്നതിനുവേണ്ടി).[29]

**വാക്യം 17.** റോമർ 10:13–15 വരെയുള്ള പദ്ധതിയുടെ ഒരു ചുരുങ്ങിയ സംഗ്രഹം തന്നു: **വിശ്വാസം കേൾവിയാൽ വരുന്നു.** (സ്വീകരണ മനോഭാവത്തോടുകൂടിയുള്ള കേൾവി) **കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു.** അതൊരു സംപൂർണ്ണമായ പദ്ധതിയായിരുന്നു. ആരാണ് അത് തകിടം മറിച്ചത്? യഹൂദന്മാർ തന്നെ ആ തെറ്റു ചെയ്തു. അവർ യേശുവിന്റെ സന്ദേശം ഗൗരവമായി ശ്രദ്ധിക്കാൻ വിസമ്മതിച്ചു. തന്റെ ഇഹലോക ശുശ്രൂഷയുടെ മദ്ധ്യത്തിലായി യേശു യെശയ്യാ 6:10–ൽ നിന്നും ഉദ്ധരിച്ചു. നീ അവരുടെ ഹൃദയം തടിപ്പിക്കയും അവരുടെ ചെവി മന്ദമാക്കുകയും ചെയ്തു. അല്ലായിരുന്നെങ്കിൽ അവർ ചെവികൊണ്ടു കേൾക്കുകയും ഹൃദയം കൊണ്ടു ഗ്രഹിക്കുകയും ചെയ്ത ശേഷം എങ്കലേക്കു തിരിഞ്ഞു വരുകയും ഞാൻ അവരെ സൗഖ്യമാക്കുകയും ചെയ്യുമായിരുന്നു (മത്തായി. 13:15). ചില യഹൂദന്മാർ അവരുടെ കൈകൾ ചെവികൾക്കു മീതെ വച്ച് ചെവി മൂടിയിട്ട് കൂട്ടുകാരെ കേൾക്കുവാൻ *സാധിക്കാത്തതുപോലെ* ആകുന്നു. വേറെ ചിലർ മറ്റു കാര്യങ്ങളിലേർപ്പെട്ടിട്ട് കേൾക്കുന്നില്ല. ഏതു കാരണംകൊണ്ട് ആയാലും കേൾക്കാൻ അനേക യഹൂദന്മാർക്കും കഴിവില്ല. അതുകൊണ്ട് വിശ്വസിക്കുവാനും കഴിയുന്നില്ല.

## യഹൂദന്മാർ രക്ഷാ ദൂതിനെ തിരസ്ക്കരിക്കുന്നത് (10:18-21)

**18എന്നാൽ അവർ കേട്ടില്ലയോ എന്ന് ഞാൻ ചോദിക്കുന്നു. കേട്ടിരിക്കുന്നു നിശ്ചയം.**

**അവരുടെ നാദം സർവ്വഭൂമിയിലും അവരുടെ വചനം ഭൂതലത്തിന്റെ അറ്റത്തോളവും പരന്നു.**

**എന്നാൽ യിസ്രായേൽ ഗ്രഹിച്ചില്ലയോ എന്ന് ഞാൻ ചോദിക്കുന്നു. ജനമല്ലാത്തവരെക്കൊണ്ട് ഞാൻ നിങ്ങൾക്കു എരിവുവരുത്തും.**

**19മൂഢജാതിയെക്കൊണ്ട് ഞാൻ നിങ്ങൾക്ക് കോപം ജനിപ്പിക്കും എന്ന് ഒന്നാമത് മോശെ പറയുന്നു.**

**20യെശയ്യാവോ എന്നെ അന്വേഷിക്കാത്തവൻ എന്നെ കണ്ടെത്തി. എന്നെ ചോദിക്കാത്തവർക്ക് ഞാൻ പ്രത്യക്ഷനായി എന്ന് ധൈര്യത്തോടെ പറയുന്നു.**

**21യിസ്രായേലിനെക്കുറിച്ചോ അനുസരിക്കാത്തതും മറുത്തു പറയുന്നതുമായ ജനത്തിങ്കലേക്ക് ഞാൻ ഇടവിടാതെ കൈ നീട്ടി എന്ന് അവൻ പറയുന്നു.**

**വാക്യം 18.** ദൈവം തങ്ങളെ നിരസിച്ചത് അവരുടെ തെറ്റുകൊണ്ടാണെന്നു സമ്മതിക്കുവാൻ അവർക്കു പ്രയാസമുണ്ടെന്ന് പൗലൊസ് മനസ്സിലാക്കിയിരുന്നു. ചിലർ ഉണ്ടാക്കിയേക്കാവുന്നതുപോലെയുള്ള എതിർപ്പുകൾ പൗലൊസ് പറഞ്ഞു. ഒന്നാമത് അവർക്ക് കേൾക്കുവാൻ അവസരം ഉണ്ടായിരുന്നില്ല. **എന്നാൽ അവർ കേട്ടില്ലേ? എന്നു ഞാൻ ചോദിക്കുന്നു.** പൗലൊസ് മറുപടി കൊടുത്തു അതെ, അവർ കേട്ടിരിക്കുന്നു. പിന്നീട് വേറൊരു ഭാഗം പഴയ

നിയമത്തിൽ നിന്നുദ്ധരിക്കുന്നു. **അവരുടെ നാദം സർവ്വഭൂമിയിലും അവരുടെ വചനം ഭൂതലത്തിന്റെ അറ്റത്തോളവും പരന്നു.** എന്നാൽ യിസ്രായേൽ ഗ്രഹിച്ചില്ലയോ എന്ന് ഞാൻ ചോദിക്കുന്നു. ഈ ഉദ്ധരണി സങ്കീർത്തനം 19ന്റെ 4ൽ നിന്നാണ്. സന്ദർഭം സൂര്യൻ, ചന്ദ്രൻ നക്ഷത്രങ്ങൾ എന്നിവയുടെ സാക്ഷ്യത്തെക്കുറിച്ചാണ് അവിടെ പറയുന്നത്. ഇവിടെ പൗലൊസ് 19-ാം സങ്കീർത്തനത്തിന്റെ ഭാഷ കടമെടുത്ത് സുവിശേഷത്തിന്റെ പ്രസംഗം "ആകാശസൈന്യങ്ങളുടെ പ്രകാശം പരക്കുന്നതുപോലെ വിസ്തൃതമായി പരക്കുന്നു" എന്നാണ് പറയുന്നത്.

"സർവ്വഭൂമിയിലും" എന്നും "ഭൂതലത്തിന്റെ അറ്റത്തോളവും" എന്ന് പറഞ്ഞതിൽ നിന്നും സുവിശേഷം പൗലൊസ് റോമാലേഖനം എഴുതിയ സമയത്തു സാധ്യമായ എല്ലാ സ്ഥലത്തും എത്തി എന്നർത്ഥമില്ല. പിന്നീട് ഈ കാര്യത്തിൽ സ്പെയിനിൽ പോകുവാനുള്ള ആഗ്രഹം വെളിപ്പെടുത്തുന്നുണ്ട് (15:28). സ്പെയിനിൽ യേശുവിന്റെ നാമം അന്നുവരെ കേട്ടിട്ടുപോലുമില്ലായിരുന്നു (15:20). 10:18 ലെ വാക്കുകൾ *യഹൂദന്മാർക്ക്* സുവിശേഷം കേൾക്കുവാൻ സന്ദർഭം ഉണ്ടായിരുന്നു എന്നു കാണിയ്ക്കുകയാണ് (10:18). അക്കാലങ്ങളിൽ കൂടുതൽ യഹൂദന്മാരും മെഡിറ്ററേനിയൻ കടലിന്റെ ചുറ്റുപാടുമായി പാർപ്പുറപ്പിച്ചിരുന്നു. ഈ പ്രദേശങ്ങളെല്ലാം പൗലൊസിനാൽ തന്നെ സുവിശേഷീകരിക്കപ്പെട്ടിരുന്നു.

**വാക്യം 19**. പൗലൊസ് പ്രതീക്ഷിച്ച രണ്ടാമത്തെ എതിർപ്പ് യഹൂദന്മാർ രക്ഷയുടെ ദൂതു കേട്ടെങ്കിലും അവർ അതു *മനസ്സിലാക്കിയില്ല*. സംഭവിക്കുന്നതെന്താണെന്ന് ഗ്രഹിച്ചില്ല. അതുകൊണ്ട് മനുഷ്യയുക്തിക്കനുസരിച്ച് അവരെ അതിന് കുറ്റക്കാരായി എണ്ണുവാൻ പാടില്ല. **എന്നാൽ യിസ്രായേൽ ഗ്രഹിച്ചില്ലയോ? എന്ന് ഞാൻ ചോദിക്കുന്നു.** അതിന് പൗലൊസിന്റെ മറുപടി അവർ അറിയേണ്ടതായിരുന്നു. ഗ്രഹിക്കേണ്ടതും ആയിരുന്നു. എന്തെന്നാൽ സംഭവിച്ചതെല്ലാം നേരത്തേ തിരുവചനത്തിൽ എഴുതിയിരുന്നു. **ആദ്യം മോശെ പറയുന്നു, "ഞാൻ ജനമല്ലാത്തവരെക്കൊണ്ട് അവർക്ക് എരിവു വരുത്തും. മൂഢജാതിയെക്കൊണ്ട് അവരെ മുഷിപ്പിക്കും.**" ഈ ഉദ്ധരണി ആവർത്തനം 32:21-ൽ നിന്നുള്ളതാണ്. മോശെ, യിസ്രായേലിനെ കുറ്റാരോപണം ചെയ്യുന്നതിന്റെ ഒരു ഭാഗമാണ്. അവരുടെ നന്ദികേടും അനുസരണക്കേടുംമൂലമാണ് മോശെ കുറ്റം പറഞ്ഞത്. മോശെ പ്രവചനമായി അവരോട് ദൈവം അന്യദേശക്കാരെ ഉപയോഗിച്ച് യിസ്രായേല്യരെ ശിക്ഷിക്കുകയും താഴ്ത്തുകയും ചെയ്യുമെന്ന് പറയുകയായിരുന്നു. "ജനമല്ലാത്താവർ" എന്ന വാക്യാംശത്തിൽ ഹോശെ. 1:10-ൽ പറഞ്ഞിട്ടുള്ള ജനമല്ലാത്തവരുമായുള്ള ബന്ധത്തിൽ പൗലൊസ് ഐക്യം കാണുന്നു. റോമ 10:19ൽ "കാണുന്നത് എന്റെ ജനമല്ലാത്തവരെയാണ്" 9:26-ൽ ജാതികൾ എന്ന് വിളിച്ചിരിക്കുന്നത്. യഹൂദന്മാരെ സംബന്ധിച്ചിടത്തോളം ജാതികൾ തിരിച്ചുവരവില്ലാത്തവരാണ് "മൂഢജാതി" (2:19, 20 ന്റെ വ്യാഖ്യാനം കാണുക).

അടുത്ത അദ്ധ്യായത്തിൽ, ദൈവം യിസ്രായേലിനെ അനുസരിക്കുവാൻ ഉത്സാഹിപ്പിക്കുവാനായി ജാതികളെ സ്വീകരിച്ചതിനെക്കുറിച്ചുള്ള ദൈവത്തിന്റെ പ്ലാനിനെ പൗലൊസ് സവിസ്തരമായി എഴുതുന്നുണ്ട് (11:11, 13, 14). എന്നാൽ ഇവിടെ ദൈവം ജാതികളെ സ്വീകരിച്ചത് യഹൂദന്മാരെ ഞെട്ടിക്കരുത്. എന്തെന്നാൽ മോശെ അത് മുൻപേ അറിയിച്ചിരുന്നതാണ് എന്നു മാത്രം പറയുന്നു. മൂഢജാതികളായവർ ദൈവത്തിന്റെ പദ്ധതി മനസ്സിലാക്കുവാൻ

ഇടയായി എങ്കിൽ തുടർച്ചയായി ദൈവത്താൽ നിയമിക്കപ്പെട്ട ഉപദേശകരാൽ അനുഗ്രഹിയ്ക്കപ്പെട്ട യഹൂദന്മാർ ദൈവത്തിന്റെ പദ്ധതി മനസ്സിലാക്കേണ്ടതാണ്. അവർക്ക് ഒഴികഴിവില്ല.

**വാക്യം 20.** വീണ്ടും പഴയനിയമം ഉദ്ധരിക്കുന്നു: **യെശയ്യാവ് എന്നെ അന്വേഷിക്കാത്തവർ എന്നെ കണ്ടെത്തി. എന്നെ ചോദിക്കാത്തവർക്കു ഞാൻ പ്രത്യക്ഷനായി എന്ന് ധൈര്യത്തോടെ പറയുന്നു.** ഈ ഉദ്ധരണിയെ യെശയ്യാ. 65:1 ആദ്യത്തെ സന്ദർഭത്തിൽ വാക്കുകൾ മത്സരികളായ യിസ്രായേലിനെ സൂചിപ്പിക്കുന്നു. എന്നാൽ പൗലൊസ് അതിൽ യഹൂദന്മാർക്ക് യോജിക്കുന്ന ഒരു വാക്കുകൾ ജാതികൾക്കു പ്രയോഗിക്കുവാൻ തക്കതായി കാണുന്നു. 9:30ൽ പഠിപ്പിച്ച സത്യം ഇവിടെ ആവർത്തിക്കുന്നു: ''നീതി അന്വേഷിക്കാത്ത ജാതികൾ'' അല്ലെങ്കിൽ ''ദൈവത്തെ അന്വേഷിക്കാത്തവർ'' രണ്ടും കണ്ടെത്തി. എന്തുകൊണ്ടെന്നാൽ അവർ സുവിശേഷ സത്യം അവരുടെ ഹൃദയത്തെ സ്പർശിക്കുവാൻ സമ്മതിച്ചു.

**വാക്യം 21.** യഹൂദന്മാർക്ക് സുവിശേഷം കേൾക്കുവാൻ അവസരം ഉണ്ടായിരുന്നില്ലെങ്കിൽ, അവർ ദൈവത്തിന്റെ പദ്ധതി മനസിലാക്കിയിരുന്നെങ്കിൽ എന്തായിരുന്നു പ്രശ്നം? ലളിതമായി പറഞ്ഞാൽ പ്രശ്നം യഹൂദന്മാർ ഒരു വഴങ്ങാത്ത മത്സരസ്വഭാവമുള്ള ജനമാകുന്നു എന്നതാണ്. പൗലൊസ് യെശയ്യാവിൽ നിന്നും വേറൊരുഭാഗം ഉദ്ധരിക്കുന്നു: ''**യിസ്രായേലിനെക്കുറിച്ചോ അനുസരിക്കാത്തതും മറുത്തുപറയുന്നതുമായ ജനത്തിങ്കലേക്കോ ഞാൻ ഇടവിടാതെ കൈനീട്ടി എന്ന് അവൻ പറയുന്നു.**'' ഇത് യെശയ്യാ 65:2-ൽ നിന്നാണ്. (പൗലൊസ് ഉദ്ധരിച്ച വാക്യത്തിന് പുറകേ ഉള്ളത്). യിസ്രായേൽ ജനത്തിന്റെ ചരിത്രം അവിശ്വാസത്തിന്റെയും അനുസരണക്കേടിന്റെയും കഥയാണ്. യിസ്രായേൽ സ്ഥിരമായും തുടർച്ചയായും ദൈവത്തിന്റെ ഹൃദയത്തെ തകർത്തു. കഴിഞ്ഞ കാലങ്ങളിലെപ്പോലെതന്നെ പൗലൊസിന്റെ കാലത്തും അവർ വീണ്ടെടുപ്പിനെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതിയെ മനസ്സിലാക്കാത്തവരും നിരസിക്കുന്നവരുമായിരുന്നു. ചഅടആയിൽ അവരെ ''വഴങ്ങാത്ത'' ശാഠ്യമുള്ള ഹൃദയം എന്നു വിളിക്കുന്നു. ചഘഠ പറയുന്നു; അവർ നിരന്തരമായി എന്നെ അനുസരിക്കാതിരിക്കയും എന്നോടു വാദിക്കയും ചെയ്തുകൊണ്ടിരിക്കുന്നു.

യഹൂദനും പ്രത്യാശയ്ക്ക് വഴിയുണ്ടോ? യെശയ്യാവിന്റെ ഈ വാക്യം നാം കാണാതെ പോകരുത്. ''അനുസരിക്കാത്തതും മറുത്തു പറയുന്നതുമായ ജനത്തിങ്കലേക്ക് ഞാൻ ഇടവിടാതെ കൈ നീട്ടി. ദൈവത്തെ ഒരു മാതാപിതാക്കളെപോലെ ചിത്രീകരിച്ചിരിക്കുന്നു. ഇടവിടാതെ ജനത്തിങ്കലേക്ക് കൈനീട്ടിക്കൊണ്ടിരിക്കുന്നു. മത്സരികളായ തന്റെ മക്കളെ തിരികെ വീട്ടിൽ ചേർക്കുവാൻ. യഹൂദന്മാർ ദൈവത്തിങ്കലേക്കു തിരിച്ചു വരുമെങ്കിൽ ദൈവത്തിന്റെ പദ്ധതിയെ സ്വീകരിക്കുമെങ്കിൽ ദൈവം തന്റെ സ്നേഹമുള്ള കൈകളാൽ അവരെ ചുറ്റിപ്പിടിക്കും. ഈ ആശയം 11-ാം അദ്ധ്യായം വിശദീകരിക്കുമ്പോൾ വിശദമാക്കാം.

## പ്രായോഗികം

### വലിയ ക്ഷണം (അദ്ധ്യായം 10)

ക്രിസ്തുവിനെക്കുറിച്ച് വീണ്ടും വീണ്ടും കേൾക്കുകയും മാറ്റും ചെയ്യു

മ്പോൾ നിങ്ങൾ ഇങ്ങനെ ചിന്തിക്കുന്നുമുണ്ടാകും. ''ക്രിസ്തു അതിശയവാനായ ഒരു ആളാണ്. അവൻ ദൈവപുത്രൻ തന്നെ ആയിരിക്കണം. എന്നാൽ അവൻ എനിക്കായി കരുതുന്നു എന്നു വിശ്വസിക്കുവാൻ പ്രയാസം. ഞാനാണെങ്കിൽ വളരെ ബലഹീനനും പാപിയുമാണ്.'' ഞാൻ നിങ്ങളോടു പറയട്ടെ ക്രിസ്തു നിനക്കായി കരുതുന്നു. ''അവൻ *പാപികളെ രക്ഷിക്കുവാൻ* ഈ ലോകത്തിൽ വന്നു എന്നതിനാൽ നിന്നെ സ്നേഹിക്കുന്നു'' എന്നുറപ്പാണ് (1 തിമൊ. 1:15).

ഓരോ വ്യക്തിയോടും ക്രിസ്തുവിനുള്ള സ്നേഹം വെളിപ്പെട്ടു. കർത്താവിന്റെ വലിയ ക്ഷണത്തിൽ നിന്നും അത് തെളിയുന്നു. മത്തായി 11:28–30 വരെയുള്ള വാക്യങ്ങളിലെ ക്ഷണം നീട്ടിയ കൈകളോടുകൂടി നമ്മെ ക്ഷണിക്കുന്നു,

> അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരെ എല്ലാവരും എന്റെ അടുക്കൽ വരുവീൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ. എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും, എന്റെ നുകം മൃദുവും എന്റെ ചുമട് ലഘുവും ആകുന്നു.

*ഒരു ക്ഷണം.* ചില നിമിഷങ്ങളിൽ ഈ പ്രചോദിപ്പിക്കുന്ന വാക്കുകളുടെ അർത്ഥം ചിന്തിക്കുക. ഈ ഭാഗത്ത് ഒരു വിളി – ഒരു ക്ഷണം നാം കാണുന്നു.

''വരുക'' എന്നു തുടങ്ങുന്നു. മനുഷ്യനാണ് വരേണ്ടത്. അവനെ സ്വീകരിക്കണമോ എന്ന് തീരുമാനം എടുക്കേണ്ടത് നാം ആണ്. ദൈവം നമ്മെ നിർബന്ധിക്കുന്നില്ല.

യേശു പറയുന്നു, എല്ലാവരും *എങ്കലേക്കു വരുവീൻ.* ഇവിടെയാണ് ആകർഷിക്കുന്ന ശക്തി. യേശു പറഞ്ഞു ''ഞാൻ ഭൂമിയിൽ നിന്നും ഉയിർത്തപ്പെട്ടാൽ എല്ലാവരെയും എങ്കലേക്ക് ആകർഷിയ്ക്കും'' (യോഹ. 12:32). ക്രിസ്തു എല്ലാവരെയും തങ്കലേക്ക് ആകർഷിച്ചുകൊണ്ടിരിക്കുന്നു.

എങ്ങനെയുള്ള ആളുകളെയാണ് അവൻ ആകർഷിക്കുന്നത്? ക്ഷണം തുടരുന്നു. ''അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരെ നിങ്ങൾ എല്ലാവരും എന്റെ അടുക്കൽ വരുവീൻ'' ഒരുത്തരെയും മാറ്റി നിർത്തിയിട്ടില്ല. *എല്ലാവരും* വരുവീൻ. അവന് ''അദ്ധ്വാനിച്ചും ഭാരപ്പെട്ടും'' നടക്കുന്നവരെയാണ് ആവശ്യം. പാപം, ദുഃഖം, ആകുലം, വിചാരപ്പെടൽ ഇവയുടെ ഭാരം ചുമന്നു വലയുന്നവരായ സ്ത്രീകളും പുരുഷന്മാരും എന്റെ അടുക്കൽ വരുവിൻ.

വരുന്നവർക്ക് എന്തു കൊടുക്കാമെന്നാണ് പറയുന്നത്. ''ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും'' നിന്റെ മേലുള്ള ഭാരം മാറ്റിക്കളയുവാൻ യേശു ആഗ്രഹിക്കുന്നു. അവൻ നമുക്കായി അത് വഹിക്കും. നമ്മുടെ പ്രശ്നങ്ങളെ എടുത്ത് അവന്റെ സ്വന്തമാക്കും. നിന്റെ ഹൃദയ വേദനയും ദുഃഖവും എന്നേക്കുമായി മാറ്റുവാൻ അവൻ ആഗ്രഹിക്കുന്നു.

അതേ, നിനക്ക് *ആശ്വാസം* തരുവാൻ ക്രിസ്തു ആഗ്രഹിക്കുന്നു. പാപഭാരത്തിൽ നിന്നും വിശ്രമം തരുവാൻ അവനാഗ്രഹിക്കുന്നു. നിന്റെ ആത്മാവിനെ കഴുകി ശുദ്ധീകരിച്ച് ഹിമത്തെക്കാൾ വെളുപ്പിക്കുവാനാഗ്രഹിക്കുന്നു. ചിന്താ ഭാരത്തിൽ നിന്നും വിടുതൽ തരും. യേശു എപ്പോഴും ദൈവത്തിന്റെ വലത്തുഭാഗത്തിരുന്നുകൊണ്ട് തന്റെ വിശ്വസ്തർക്കുവേണ്ടി പക്ഷവാദം

ചെയ്യുവാനും അവരുടെ ആവശ്യങ്ങളെ ദൈവത്തോടറിയിക്കുവാനുമായി ഒരുങ്ങിയിരിക്കുന്നു.

*ഒരു ചുമതല.* ഈ ക്ഷണത്തിനുള്ളിൽ ഒരു ചുമതല അടങ്ങിയിട്ടുണ്ട്. ഈ അനുഗ്രഹങ്ങളൊന്നും അതിനായി അന്വേഷിക്കാത്തവർക്കായിട്ടുള്ളതല്ല. ദൈവത്തെ അനുസരിക്കാത്തവർക്കും ഉള്ളതല്ല. യേശു പറയുന്നു. ‘‘എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ; നമ്മെത്തന്നെ ദൈവത്തിനുകൊടുക്കുവാൻ സമ്മതമായിരിക്കണം’’ യേശു പറഞ്ഞു, നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ പ്രമാണിക്കും (യോഹ. 14:15).

ദൈവനിശ്വാസ്യമായ രേഖകൾ പറയുന്നത്: ‘‘പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ച് തികഞ്ഞവനായി തന്നെ *അനുസരിക്കുന്ന ഏവർക്കും* നിത്യരക്ഷയുടെ കാരണഭൂതനായിത്തീർന്നു’’ (എബ്രാ. 5:8, 9).

ഈ വലിയ ക്ഷണത്തെ സ്വീകരിക്കുന്നതിന് ഏകമാർഗ്ഗം ദൈവയിഷ്ടത്തിന് പരിപൂർണ്ണമായി സമർപ്പിക്കുന്നതുകൊണ്ടാണ്. വിശ്വസ്തമായ അനുസരണത്താൽ നമ്മുടെ സ്നേഹം പ്രദർശിപ്പിക്കണം.

നമ്മുടെ പാഠം വീണ്ടും പറയുന്നു. ‘‘എന്നോടു പഠിപ്പിൻ’’ നാം അവന്റെ സ്നേഹവും അവന്റെ താഴ്മയും പഠിക്കണം (അവൻ ‘‘സൗമ്യതയും താഴ്മയും’’ ഉള്ളവനാണ്). അവന്റെ നന്മ, അവന്റെ ദൈവികത്വം, അവന്റെ *അധികാരം.* യേശു വിളിച്ചു പറഞ്ഞു. ‘‘സ്വർഗ്ഗത്തിലും ഭൂമിയിലും *സകല അധികാരവും* എനിക്കു നൽകപ്പെട്ടിരിക്കുന്നു’’ (മത്തായി 28:18).

യേശുവിന് ഈ ക്ഷണം നൽകുവാൻ അധികാരമുണ്ടെങ്കിൽ നിശ്ചയമായും *എങ്ങനെ* വരണമെന്നു ആളുകളോടു പറയുവാനുള്ള അധികാരവും ഉണ്ട്. എന്നാൽ ക്രിസ്തു അങ്ങനെയൊക്കെ പറഞ്ഞിട്ടുണ്ട് ‘‘എനിക്കറിയാം,’’ എന്ന് പറയുകയും, പക്ഷേ അതിന്റെ ആവശ്യമില്ല എന്ന് ചിന്തിക്കുകയും ചെയ്യുന്നയാൾ നിശ്ചയമായും യേശുവിന്റെ നുകം ഏറ്റിട്ടില്ല. അവന് അനുഗ്രഹം ലഭിക്കുകയും ഇല്ല.

തന്റെ അധികാരം സ്ഥാപിച്ചശേഷം യേശു പറഞ്ഞു. ‘‘വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും’’ (മർക്കൊ. 16:16). നേരത്തെതന്നെ തന്റെ നുകം ചുമക്കുന്നവരെ യേശു പ്രോത്സാഹിപ്പിച്ചു. ‘‘മരണത്തോളം വിശ്വസ്തരായിരിക്ക. എന്നാൽ ഞാൻ ജീവകിരീടം നിനക്കു തരും’’ (വെളിപ്പാട്. 2:10).

അത് തക്കയോഗ്യതയുള്ളതാണോ? തന്റെ വാഗ്ദത്തം ആവർത്തിക്കുന്നതു ശ്രദ്ധിക്കുക. നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും. ഒരു സ്വസ്ഥതയും തരാത്ത ഈ ലോകത്തിൽ നിനക്ക് *നിന്റെ* ഉള്ളിൽ ആശ്വാസം അനുഭവിക്കുവാൻ സാധിക്കും. കുലുക്കുന്ന തോന്നലുകളിലോ വൃഥാ സങ്കൽപങ്ങളിലോ അടിസ്ഥാനപ്പെടാത്തതു ദൈവവചനമാകുന്ന അടിസ്ഥാനത്തിൽ കെട്ടിപ്പടുത്തതുമായ ആശ്വാസം. ‘‘സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം’’ (ഫിലി. 4:7) നീ അറിയും. ദൈവത്തെ സ്നേഹിക്കുന്നവർക്ക് സകലവും എല്ലാ കാര്യങ്ങളും നന്മക്കായി കൂടിവ്യാപരിക്കുന്നു എന്ന നിശ്ചയവും നിനക്ക് ലഭിയ്ക്കും. നീ അവനെ *അനുസരിക്കമാത്രം* ചെയ്താൽ മതി (റോമർ. 8:28).

‘‘അതൊരു വലിയ ചുമതലയല്ലേ?’’ എന്ന് നീ ചോദിച്ചേക്കും; ‘‘കർത്താവു ചോദിക്കുന്നത് അല്പം കൂടുതലല്ലേ?’’ രക്ഷകൻ അവസാനിപ്പിക്കുന്നതു

നാം കേൾക്കുന്നു. "എന്റെ നുകം മൃദുവും എന്റെ ചുമട് ലഘുവും ആകുന്നു." യേശു നമുക്കായി ചെയ്ത കാര്യങ്ങളോടു തുലനം ചെയ്താൽ നാം ചെയ്തതിൽ അവൻ ആവശ്യപ്പെടുന്നത് വളരെ ചെറുതാണ്. ദൈവത്തിന്റെ കല്പനയിൽ നമ്മെ ഞെരുക്കുന്നതായി ഒന്നും തന്നെയില്ല. പൗലൊസ് പറയുന്നു. അത് "ബുദ്ധിയുള്ള ആരാധന"യാണെന്ന് (റോമർ. 12:1; KJV).

എല്ലാറ്റിനും മേലെയായി അവന്റെ നുകം മൃദുവാകുന്നു. എന്തെന്നാൽ അവന്റെ കല്പന അനുസരിച്ചു കഴിഞ്ഞാൽ അത് നമ്മിൽ പുതിയ സന്തോഷം തരും. ഓരോ ദിവസവും നാം ക്രിസ്തുവിന്റെ കാലടി പിന്തുടർന്നു നടക്കുകയും മറ്റുള്ളവരുടെ സന്തോഷത്തിനായി നമ്മെ അർപ്പിയ്ക്കുകയും ചെയ്യുമ്പോൾ ഓരോ ദിവസവും പ്രകാശം വർദ്ധിച്ചു വരുന്നതായി കാണും. സന്തോഷവും വർദ്ധിച്ചുവരും.

*സമാപനം.* ദിവസം തോറുമുള്ള ജോലികൾക്കായി ബദ്ധപ്പെടുമ്പോൾ ഈ "വലിയ ക്ഷണം" നിങ്ങളുടെ ഹൃദയത്തിലേക്കു വന്നുകൊണ്ടിരിക്കട്ടെ:

> "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരെ, എല്ലാവരും എന്റെ അടുക്കൽ വരുവീൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും.ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റ് എന്നോടു പഠിപ്പിൻ. എന്നാൽ നിങ്ങളുടെ ആത്മാക്കൾ ആശ്വാസം കണ്ടെത്തും. എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു."

ഇതിൽ ക്ഷണവും അതോടുകൂടി വലിയ അനുഗ്രഹങ്ങളും ചുമതലയും ഉണ്ടെന്ന് ഓർക്കുക. ചുമതല നിർവഹിച്ചെങ്കിൽ മാത്രമെ *അനുഗ്രഹം* ലഭിക്കുകയുള്ളൂ എന്ന് ഓർക്കാം!

**പരിജ്ഞാനമില്ലാത്ത എരിവ് (10:2)**

ഇക്കാലത്ത് പലരും ചിന്തിക്കുന്നത് ദൈവത്തെ പ്രസാദിപ്പിക്കുന്നതിന് ആത്മീകമായ എരിവു മാത്രമാണാവശ്യം എന്നാണ്. ഒരു സാധാരണ വിശ്വാസം ഇങ്ങനെയാണ്. "ഒരു മനുഷ്യൻ പരമാർത്ഥിയും വിശ്വസ്തനുമാണെങ്കിൽ സ്വർഗ്ഗം ലഭിയ്ക്കും" അതു ശരിയല്ലെന്ന് റോമർ 10:2 പറയുന്നു. അതു ശരിയല്ല. പരമാർത്ഥത മാത്രം പോരാ, എന്തുകൊണ്ടെന്നാൽ പരമാർത്ഥമായി നാം തെറ്റായ വഴിയിൽ കൂടെ പോകാൻ സാധിയ്ക്കും.[30]

പരിജ്ഞാനമില്ലാതെ എരിവുള്ളവരായിരിക്കുന്ന അവസ്ഥ പലവിധത്തിൽ ഉദാഹരിയ്ക്കുവാൻ സാധിക്കും. പല എഴുത്തുകാർ അറിവിനെ പ്രകാശത്തോട് സാമ്യപ്പെടുത്തിയിട്ടുണ്ട് (സങ്കീർത്തനം 119:105). എരിവുള്ളവനായ ഒരുവൻ അന്ധകാരത്തിൽ കൂടി എങ്ങോട്ടാണ് പോകുന്നതെന്ന് നിശ്ചയമില്ലാതെ തനിക്കു കഴിയുന്ന വേഗതയിൽ ഓടുന്നു. അവനോട് പരിജ്ഞാനമില്ലാതെ എരിവുള്ളവനായിരിക്കുന്നവനെ സാമ്യപ്പെടുത്തിയിരിക്കുന്നു. വേറൊരു ഉദാഹരണം എന്റെ മനസ്സിൽ വരുന്നത് ഇങ്ങനെയാണ്. ഒരു കാർ, എരിവ് അതിന്റെ മോട്ടോറും അറിവ് അതിന്റെ സ്റ്റിയറിങ്ങും ആണെന്നു സങ്കല്പിക്കുക. ആളുകൾ ഒരു പഴയ കാറിൽ ഒരു സമതലത്തിൽ കൂടി ഓടിക്കുന്നതിന്റെയും ഒരു കഥയുണ്ട്. നാം എങ്ങോട്ടാണ് പോകുന്നത്. ഓടിക്കുന്നവൻ പറയുന്നു. "എനിക്കറിഞ്ഞു കൂടാ പക്ഷേ നാം വളരെ സമയം രസകരമായി ചെലവഴിക്കുകയാണ്!"

അനിയന്ത്രിതമായ എരിവിനെക്കുറിച്ചോർക്കുമ്പോൾ ഒരു വലിയ തീ അനിയന്ത്രിതമായി കത്തിപ്പടർന്നാൽ എത്ര നാശകരമായിരിക്കും. ഞാൻ ഒന്നാം ക്ലാസിൽ പഠിക്കുന്ന കാലത്ത് ഒരു തീപ്പെട്ടിയെടുത്ത് കത്തിച്ചു യദൃശ്ചയാ ഞങ്ങളുടെ വീടിനടുത്തുള്ള ഒരു പുൽത്തകിടിക്ക് തീ പിടിക്കാനിടയായി. എന്റെ പിതാവും അടുത്തുള്ള കൃഷിക്കാരെല്ലാവരും ചേർന്ന് ആ തീയ് അണയ്ക്കുവാൻ പെടുന്ന പാടുകണ്ട് ഞാനും വളരെ വിഷമിച്ചു. ഞങ്ങളുടെ വീടും ആ സ്ഥലത്തുള്ള മറ്റു കെട്ടിടങ്ങളും കത്തിയെരിയാതെയിരിക്കുവാൻ അവർ വളരെ കഷ്ടപ്പെടേണ്ടി വന്നു.

യഹൂദന്മാർക്ക് അറിവില്ലാത്ത തീക്ഷ്ണതയാണ് ഉണ്ടായിരുന്നത്. അതുകൊണ്ട് അവർ വളരെ പ്രയാസത്തിലായി. അതുപോലെതന്നെ എരിവും തീക്ഷ്ണതയും ഇല്ലാത്ത അറിവും അപകടകരമാണ്. കർത്താവിന്റെ കാഴ്ച്ചയിൽ ഇതു രണ്ടും സ്വീകാര്യമല്ല.

**ദൈവത്തിന്റെ പൂർണ്ണമായ പദ്ധതി (10:14, 15)**

നിങ്ങൾ എന്നെങ്കിലും ഒരു പ്ലാൻ (പദ്ധതി) ഉണ്ടാക്കിയിട്ടുണ്ടോ? പൂർണ്ണമായിട്ടുള്ള ഒരു പ്ലാൻ. എന്നാൽ പിന്നീട് ആ പദ്ധതി നടപ്പാക്കുവാൻ കഴിയുന്നില്ല. ഒരു പക്ഷേ അതിനാവശ്യമായ വസ്തുവകകൾ സംഘടിപ്പിക്കാൻ കഴിഞ്ഞില്ലായിരിക്കും. ചിലരെ അതിൽ പ്രവർത്തിപ്പാൻ പ്രതീക്ഷിച്ചുകാണും. തക്ക സമയത്ത് അവർക്ക് ഏതെങ്കിലും കരാണവശാൽ സഹായിക്കുവാൻ സാധിച്ചില്ല എന്നു വരാം. പക്ഷേ നിങ്ങൾ ഇട്ട പദ്ധതി പ്രവൃത്തി പഥത്തിലാക്കുവാൻ നിങ്ങൾക്കു തന്നെ കഴിവില്ലാത്തതുകൊണ്ടായിരിക്കാം. ഞാൻ ഒരു പ്ലാനുണ്ടാക്കുന്ന ആളാണ്. എന്നാൽ അധികസമയവും എന്റെ പ്ലാൻ അതിന്റെ ഒന്നാം ഭാഗം നടപ്പാക്കാൻ സാധിക്കാറില്ല. പ്ലാൻ A നടക്കുന്നില്ല പിന്നീട് B, C അല്ലെങ്കിൽ D യിലേക്ക് പോകേണ്ടിവരുന്നു.

റോമർ 10:14, 15–ൽ ദൈവത്തിന് മനുഷ്യവർഗ്ഗത്തെ രക്ഷിപ്പാൻ പൂർണ്ണമായ ഒരു പ്ലാനുണ്ട് എന്ന് വെളിപ്പെടുത്തിയിരിക്കുന്നു. സുവിശേഷം പഠിപ്പിയ്ക്കണം ഉത്തരവാദിത്വ ബോധമുള്ളവർ കേട്ട് വിശ്വസിച്ച് അനുസരിക്കണം ഇത് ഒരു പൂർണ്ണമായ പദ്ധതിയാണ്. എല്ലാ ആത്മാക്കളും രക്ഷയിൽ ആകുവാനുള്ള ഒരു പൂർണ്ണമായ പദ്ധതി. എന്നാൽ എല്ലാ ആത്മാക്കളും രക്ഷിക്കപ്പെടുന്നില്ല. പ്രശ്നം ദൈവത്തിലുമല്ല, അവന്റെ പ്ലാനിലുമല്ല; മനുഷ്യന്റെ അവിശ്വാസമാണ് പ്രശ്നം.

ദൈവത്തിന്റെ പൂർണ്ണമായ പദ്ധതിയെ തങ്ങളുടെ സ്വന്തമായ പ്ലാൻകൊണ്ട് മാറ്റി സ്ഥാപിക്കാൻ ചിലർ ശ്രമിക്കുന്നു. നഷ്ടപ്പെടുന്നവരെ രക്ഷിക്കുവാൻ പലവിധ തന്ത്രങ്ങൾ മനുഷ്യർ ആവിഷ്കരിക്കുവാൻ ശ്രമിക്കുന്നു. നാം ശ്രദ്ധിച്ചില്ലെങ്കിൽ ദൈവത്തിന്റെ സഭയും പല വഴികൾ കണ്ടുപിടിച്ച് കുറ്റക്കാരാകുന്നുണ്ട്. എന്റെ പ്രസംഗകാലഘട്ടമായ പല ദശാബ്ദങ്ങളിലും കൂടുതൽ സ്നാനവും കൂടുതൽ സഭാ വളർച്ചയും ഉണ്ടാകുന്നതിനായുള്ള പലവിധ തന്ത്രങ്ങൾ ഉണ്ടാക്കുന്നതിനെക്കുറിച്ച് കേട്ടിട്ടുണ്ട്. ഈ മാർഗ്ഗങ്ങളിൽ ചിലത് പ്രയോജനമുള്ളതാണ്. എന്തെല്ലാം പറഞ്ഞാലും ചെയ്താലും ഒടുവിൽ വിശ്വാസം ദൈവ വചന കേൾവിയാൽ ഉണ്ടാകുന്നു. സുവിശേഷം പഠിപ്പിച്ചില്ല എങ്കിൽ വിശ്വാസം ഉണ്ടാകുകയില്ല. തത്ഫലമായി രക്ഷയും ഉണ്ടാകുകയില്ല.

പല വർഷങ്ങൾക്കു മുൻപ് ആളുകൾ “Life style evangelism” എന്ന പേരിൽ വളരെ ഉത്സാഹമായി ഒരു രീതി ആരംഭിച്ചു. ഈ സമീപനത്തെക്കുറിച്ചുള്ള

പുസ്തകങ്ങൾ ഞാൻ വായിച്ചു. ചില ക്ലാസുകളും നടത്തി. ആ സമീപനത്തിൽ പ്രശംസിയ്ക്കത്തക്ക പല കാര്യങ്ങളുമുണ്ട്. നാമും കേൾവിക്കാരും തമ്മിൽ ഇടപെടുന്നതിന് പാലം പണിയുന്ന രീതി. സുവിശേഷം പങ്കിടുവാൻ സഹായകരമാണ്. ഒരു ക്രിസ്തീയ ജീവിത രീതി പിൻതുടരുന്നതുകൊണ്ട് മാത്രം സുവിശേഷം പങ്കിടുവാൻ സാധിക്കുകയില്ല. നാം ക്രിസ്തുകേന്ദ്രീകൃതമായ ജീവിതം നയിക്കാതെ ആളുകളെ ക്രിസ്തുവിങ്കലേക്ക് ആകർഷിക്കുവാൻ സാധിക്കയുമില്ല. എന്നാൽ ചിലർ അവർക്ക് മഹാനിയോഗം പൂർത്തിയാക്കുവാൻ ഒരു ക്രിസ്തീയ ജീവിത രീതി നയിച്ചാൽ മാത്രം സാധിക്കുമെന്നും വിചാരിക്കുന്നില്ല. ഒരാൾ ക്രിസ്ത്യാനിയായി ജീവിക്കുന്നതു കണ്ടാൽ വിശ്വാസം ഉണ്ടാകുകയില്ല. ക്രിസ്തുവിനെക്കുറിച്ചുള്ള പ്രസംഗം കേൾക്കുന്നതു കൊണ്ടാണ് വിശ്വാസം ഉണ്ടാകേണ്ടത്, ഉണ്ടാകുന്നത്. ഏതെല്ലാം രീതികൾ പഠിപ്പിക്കുന്നതിന് ഉപയോഗിച്ചാലും അവസാനം യേശുവിന്റെ സന്ദേശം വാക്കുകളാൽ ജനങ്ങളോട് പറഞ്ഞു കൊടുക്കണം.

വളരെക്കാലം മുമ്പുതന്നെ മുന്നോട്ടുപോകാനുള്ള കല്പന കർത്താവു തന്നു കഴിഞ്ഞു (മത്തായി 28:18–20; മർക്കൊസ് 16:15, 16). റോമർ 10:14, 15 നമുക്കു കൂടുതലായ ലക്ഷ്യബോധവും നൽകേണം. "മഹാനിയോഗം തുടർന്ന് പൂർത്തീകരിക്കുവാനായി സഭയുടെ പ്രാഥമിക ചുമതലകളിലൊന്ന് സ്വർഗ്ഗത്തിലെ ജനസംഖ്യ വർദ്ധിപ്പിക്കുവാനായിരിക്കണം" എന്ന് Dale Hartman പറഞ്ഞു.[31] ആ ചുമതല നാം നിർവ്വഹിക്കുന്നുണ്ടോ?

**മനോഹരങ്ങളായ പാദങ്ങൾ (10:15)**

ഞാൻ ഒരു കുട്ടിയായിരുന്ന കാലത്ത് റോമർ 10:15 എനിക്കൊരു കടങ്കഥപോലെയായിരുന്നു. ഒരു കാരണം, പാദങ്ങൾ ശരീരത്തിലെ അനാകർഷണീയമായ ഒരു ഭാഗമാണ്. രണ്ടാമത്, ഞാനറിയുന്ന മിക്ക പ്രസംഗകർക്കും സാധാരണയിൽ കവിഞ്ഞ വലിപ്പമുള്ള പാദങ്ങളാണുള്ളത്. അത് മനോഹരമാണെന്ന് ആരും പറയുകയില്ല. പിന്നെ കുറെ കാലങ്ങൾക്കു ശേഷം നടന്ന് ഓരോ സ്ഥലത്തോട്ടും പോയി സുവിശേഷം അറിയിക്കുന്ന ഒരു ഘോഷകനെക്കുറിച്ച് പഠിച്ചു. ഘോഷകൻ ദൂതു കൊണ്ടുവരുമ്പോൾ അവർ നടന്ന് അവന്റെ ചെരിപ്പിട്ട പാദങ്ങൾ വൃത്തികെട്ടതും പൊട്ടലുകളും മറ്റുമുള്ളതും ദുർഗന്ധം വമിക്കുന്നതും ഒക്കെയായിരിക്കുമെന്നു മനസ്സിലാക്കി. ആ കാലുകളാണ് അവനെ ദൂതറിയിക്കുന്ന ആളുകളുടെ അടുത്തേക്കെത്തിച്ചത്. അതുകൊണ്ട് അവന്റെ കാലുകൾ "മനോഹരമായിരുന്നു." JB യെശയ്യാവിൽനിന്നുള്ള ഉദ്ധരണി ഇങ്ങനെ കാണുന്നു: "സന്തോഷ വാർത്ത കൊണ്ടുവരുന്നവരുടെ കാലടിശബ്ദം സ്വാഗതാർഹമായ ശബ്ദമാണ്."

---

കുറിപ്പുകൾ

[1]H. Strathmann, "μάρτυς," in *Theological Dictionary of the New Testament*, ed. Gerhard Kittel, trans. and ed. Geoffrey W. Bromiley (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1967), 4:496. [2]*The Analytical Greek Lexicon* (London: Samuel Bagster & Sons, 1971), 181. [3]W. E. Vine, Merrill F. Unger, and William White, Jr., *Vine's Complete Expository Dictionary of Old and New Testament Words* (Nashville: Thomas Nelson Publishers, 1985), 348. [4]These words are from a song made famous by Frank Sinatra (Paul Anka, "My Way" [1968]). [5]F. F. Bruce, *The Letter of Paul to the Romans*, 2d ed., The Tyndale New Testament Commentaries (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1985), 190. [6]Vine, 75. [7]Leon Morris, *The Epistle to the*

*Romans* (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1988), 383. [8]There are obviously exceptions to this—people who, for one reason or another, are not accountable for their actions—but Paul had in mind the rule, not the exception. [9]J. A. Thompson, *Deuteronomy*, The Tyndale Old Testament Commentaries (Downers Grove, Ill.: Inter-Varsity Press, 1974), 286. [10]John R. W. Stott, *The Message of Romans: God's Good News for the World*, The Bible Speaks Today (Downers Grove, Ill.: Inter-Varsity Press, 1994), 283.

[11]The importance of doing things "from the heart" (not superficially) is emphasized throughout Romans (as in 6:17, 18). [12]C. E. B. Cranfield, *Romans: A Shorter Commentary* (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1985), 258. [13]The NASB places Acts 8:37 in brackets and explains that early manuscripts did not contain the verse. A number of modern versions, including the NIV and the NRSV, put the verse in a footnote. [14]Many commentators mention confession before baptism as they comment on Romans 10:9, 10. [15]Adapted from R. C. Bell, *Studies in Romans* (Austin, Tex.: Firm Foundation Publishing House, 1957), 122. [16]Walter Bauer, *A Greek-English Lexicon of the New Testament and Other Early Christian Literature*, 3d ed., rev. and ed. Frederick W. Danker (Chicago: University of Chicago Press, 2000), 290. [17]Bruce, 193. [18]Morris, 388. [19]Jim McGuiggan, *The Book of Romans*, Looking Into The Bible Series (Lubbock, Tex.: Montex Publishing Co., 1982), 311. [20]Douglas J. Moo, *Romans*, The NIV Application Commentary (Grand Rapids, Mich.: Zondervan Publishing House, 2000), 333.

[21]Vine, 560. [22]Ibid., 481. [23]The KJV has "the word of God." Early manuscript evidence indicates a preference for "the word of Christ." [24]James D. G. Dunn, *Romans 9—16*, Word Biblical Commentary, vol. 38B (Dallas: Word Books, 1986), 623. [25]McGuiggan, 312. [26]Vine, 438. [27]Other translations (especially one-man translations) go to great lengths to try to remove any hint of obedience in *hupakouō*—but it is still there. [28]In 2 Thessalonians 1:8, the NASB translates the same basic Greek words as "obey the gospel." [29]Larry Deason, *"The Righteousness of God": An In-depth Study of Romans*, rev. ed. (Clifton Park, N.Y.: Life Communications, 1989), 260. [30]Stott, 280.

[31]Dale Hartman, sermon preached at Eastside church of Christ, Midwest City, Oklahoma, 16 November 2003.